# 4

# ക്രിസ്തുവിന്റെ രണ്ടാം വരവ്

## (3:1-16)

അടുത്ത കാലത്തുണ്ടായ പ്രത്യക്ഷതയെ കുറിച്ചുള്ള തന്റെ സന്ദേശം എന്ന് പത്രൊസ് വളരെ വ്യക്തമാക്കി കൊടുത്തു. വായനക്കാർക്ക് രക്ഷക്കുള്ള സന്ദേശമായിരുന്നു അപ്പൊസ്തലന്മാരുടേത്. അവൻ സംബോധന ചെയ്ത സഭകൾക്ക് ആ സത്യം അറിയാമായിരുന്നു; തീർച്ചയായും അവർ അതിൽ സ്ഥിരീകരിക്കപ്പെട്ടിരുന്നു (1:12). പിന്നീട് ദുരുപദേഷ്ടാക്കന്മാർ വന്നു. അവ സഭയെ ഭിന്നിപ്പിക്കുവാൻ തുടങ്ങി. ചില ക്രിസ്ത്യാനികൾ അവരെ സഹിക്കുകയോ അല്ലെങ്കിൽ അവരെ കൈക്കൊള്ളുകയോ ചെയ്തു; ചിലർക്ക് അവരുടെ ഉപദേശത്തിലെ ഗൂഢ തന്ത്രം മനസിലായതുകൊണ്ട്, അവരെ തള്ളിക്കളഞ്ഞു. ഈ ലേഖനം എഴുതുവാൻ അപ്പൊസ്തലന് രണ്ട് കാരണങ്ങളായിരുന്നു ഉണ്ടായിരുന്നത്: (1) ദുരുപദേഷ്ടാക്കന്മാർ അവരെ ചൂഷണം ചെയ്യുകയാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ അപ്പൊസ്തലൻ ആഗ്രഹിച്ചു. അതിലുപരിയായി അംഗീകരിക്കപ്പെട്ടതിനപ്പുറമായി അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിന് വിട്ടുവീഴ്ച്ച വരുത്തുവാൻ തുടങ്ങിയിരുന്നു. (2) അവരെ വിളിച്ച വിശുദ്ധ വിളിയും ശക്തിയും ഓർപ്പിച്ച് അവരെ പ്രോൽസാഹിപ്പിക്കുവാനായിരുന്നു അപ്പൊസ്തലൻ ആഗ്രഹിച്ചത്. അവരെ വിശ്വാസത്തിൽ വളർത്തുവാനായിരുന്നു അവൻ ശ്രമിച്ചത്. തനിക്ക് പുതുമയുള്ള ഒരു സന്ദേശമല്ല നൽകുവാനുള്ളത് എന്ന് പത്രൊസ് തന്റെ വായനക്കാരെ ബോധ്യപ്പെടുത്തി. അവരെ ഓർപ്പിച്ച് ഉണർത്തുക എന്നതായിരന്നു അപ്പൊസ്തലന്റെ ലക്ഷ്യം. അവർ തുടർന്നും ദൈവമക്കളായി തന്നെ ജീവിക്കുവാൻ താൽപര്യപ്പെടുന്നു എങ്കിൽ അവർ ദുരുപദേഷ്ടക്കളോട് പ്രതിരോധിക്കുകയും അപ്പൊസ്തലന്മാരിൽ നിന്നു ലഭിച്ചതായ സന്ദേശത്തോട് സമർപ്പണമുള്ളവരായിരിക്കുവാനുമാണ് പത്രൊസ് അവരെ ഉത്തേജിപ്പിച്ചത്.

### "നിങ്ങളുടെ പരമാർത്ഥ മനസ്<br>ഉണർത്തുന്നു" (3:1, 2)

**1പ്രിയമുള്ളവരേ, ഞാൻ ഇപ്പോൾ നിങ്ങൾക്ക് എഴുതുന്നത് രണ്ടാം ലേഖനമല്ലോ. 2വിശുദ്ധ പ്രവാചകന്മാർ മുൻപറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പൊസ്തലന്മാർ മുഖാന്തരം കർത്താവും രക്ഷിതാവുമായവൻ തന്ന കൽപനയും ഓർത്തുകൊള്ളേണമെന്ന് ഈ ലേഖനം രണ്ടിനാലും ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തി നിങ്ങളുടെ പരമാർത്ഥ മനസ് ഉണർത്തുന്നു.**

**വാക്യം 1.** ശബ്ദത്തിൽ മാറ്റം വരുത്തിയ അടയാളമായിട്ടാണ് **പ്രിയമുള്ളവരെ** എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ദുരുപദേഷ്ടാക്കളെ കുറ്റപ്പെടുത്തുന്നതിൽനിന്ന് ലേഖനം നിരപ്പിക്കുന്ന പ്രോൽസാഹനത്തിലേക്കാണ് നീങ്ങുന്നത്. കൂടാതെ, അപ്പൊസ്തലൻ അവർക്ക് എഴുതുന്നത് ഇത് **രണ്ടാം**

**ലേഖനം** ആണെന്നും പറഞ്ഞു. കാനോനിക പുസ്തക ക്രമം അനുസരിച്ച് എഴുതിയിരിക്കുന്നതിനാൽ, മുൻപ് എഴുതിയത് 1 പത്രൊസ് ആണെന്നാണ് ആധുനിക വായനക്കാർ കരുതുക. ആദ്യ വായനക്കാരുമായുള്ള ബന്ധം അങ്ങനെ ആയിരിക്കണമെന്നില്ല. അവർ കുറെ പേജുകൾ പുറകോട്ട് മറിച്ചു നോക്കിയാൽ അന്ന് 1 പത്രൊസ് കാണുകയില്ലായിരുന്നു. അതിനു പുറമെ പ ത്രൊസ് പറഞ്ഞത് 1 പത്രൊസ് ആയിരിക്കുമെന്ന് ആധുനിക എഴുത്തുകാർക്ക് തീർച്ചപ്പെടുത്തുവാനും സാധ്യമല്ല. അതേ സദസിനു പത്രൊസ് മുൻപ് ഒരു ലേഖനം എഴുതിയിരുന്നു എന്നു മാത്രമെ നമുക്ക് പറയുവാൻ കഴിയു. അത് 1 പത്രൊസ് ആയിരുന്നോ അല്ലയോ എന്ന് തീർച്ചയില്ല.

ആദ്യലേഖനത്തെ പോലെ തന്നെ ഈ ലേഖനമായ 2 പത്രൊസും, **വായ നക്കാരുടെ പരമാർത്ഥ മനസ് ഓർപ്പിച്ചുണർത്തുക** എന്നതാണ് ഉദ്ദേശമെന്ന് അപ്പൊസ്തലൻ വ്യക്തമാക്കിയിരിക്കുന്നു. താൻ യേശുവിനോടുകൂടെ ആയി രുന്നപ്പോൾ സംഭവിച്ച കാര്യങ്ങളെയും ഉൾപ്പെടുത്തിയാണ് 2 പത്രൊസിൽ അവൻ തന്റെ വായനക്കാരെ ഓർപ്പിക്കുന്നത്. ലൈംഗിക ഭോഗേച്ഛയാലുള്ള ജീവിതത്തിൽനിന്നു മുക്തമാകണം ജീവിതം എന്നാണ് കർത്താവ് പഠിപ്പിച്ച തെന്ന് അപ്പൊസ്തലൻ അവരെ ഓർപ്പിച്ചു. അവരുടെ ഇടയിലേക്ക് നുഴഞ്ഞു വന്ന ദുരുപദേഷ്ടാക്കന്മാരെ സ്വീകരിച്ചാൽ അനന്തരഫലം അപകടകരമായി രിക്കുമെന്നും പത്രൊസ് അവരെ ഓർമ്മിപ്പിച്ചു.

തികഞ്ഞ ആത്മിയ അദ്ധ്യക്ഷനായിരുന്ന പത്രൊസ്, ഒരേ ബ്രഷ് ഉപയോ ഗിച്ചല്ല തന്റെ എല്ലാ വായനക്കാരിലും ചായമടിച്ചത് എന്നും വളരെ വ്യക്ത മാക്കി കൊടുത്തു. അവരിൽ മിക്കപേരും ഉൽസാഹമുള്ളവരായിരുന്നു. അവർ ദുരുപദേഷ്ടാക്കന്മാർക്കെതിരെയാണ് നിന്നിരുന്നത്; അവർ തങ്ങളുടെ വിശ്വാ സത്തിൽ തീർച്ചയുള്ളവരായിരുന്നു. പത്രൊസ് അവരെ പ്രോൽസാഹിപ്പിക്കു വാൻ ആഗ്രഹിച്ചു. തന്റെ വായനക്കാരെ അവൻ ഓർപ്പിച്ച 1:12 ആണ് നമ്മുടെ മനസിലേക്കു വരുന്നത്. ഒരു സമതുലനാവസ്ഥയാണ് അപ്പൊസ്തലൻ നടപ്പി ലാക്കുവാനുദ്ദേശിച്ചത്. ഒരുവശത്ത് ദുരുപദേഷ്ടാക്കന്മാരെ തീക്ഷ്ണമായ കൽപനയാൽ കുറ്റപ്പെടുത്തിയപ്പോൾ, മറുവശത്ത്, തന്റെ വായനക്കാരുടെ ബുദ്ധിയെയും ആത്മാർത്ഥതയെയും വ്രണപ്പെടുത്തുവാനും ആഗ്രഹിച്ചില്ല.

ഈ വേദഭാഗത്തിലും 1:12 ലും ഒരു വിമർശനം അന്തർലീനമാക്കിയിരി ക്കുന്നു. അപ്പൊസ്തൊലിക സാക്ഷികളുടെ സന്ദേശം അവർക്ക് ലഭിച്ചത് അവർ ഓർക്കേണ്ടത് ആവശ്യമായിരുന്നു. അവർ ലഭിച്ച "സത്യത്തിൽ ഉറച്ചു നിൽക്കുന്നവർ" (1:12), അവർക്ക് "പരമാർത്ഥമായ ഒരു മനസ്" ഉണ്ടായിരുന്നു. ആയതുകൊണ്ട് മൃദുവായ വാക്കുകളാലായിരുന്നു അവൻ അവരെ ശാസിച്ചത്. അപ്പൊസ്തലന്റെ ആ സമീപനത്തിൽനിന്ന് ആത്മിയമായ അദ്ധ്യക്ഷന്മാർക്ക് പഠിക്കുവാൻ പ്രധാനപ്പെട്ട പാഠങ്ങൾ ലഭിക്കും. പുറംമൂടിയുള്ള ശാസന ഉദ്ദേ ശിക്കുന്ന ഫലം ലഭിക്കുന്നതായിരിക്കുകയില്ല. ഒരാൾ സ്പഷ്ടമായും സത്യ ത്തിനു വേണ്ടി നിൽക്കണം, അതിനു ശരിയായ ഫലം ലഭിക്കണമെങ്കിൽ, ശരിയായ രീതിയിലായിരിക്കണം സമീപിക്കേണ്ടത്.

**വാക്യം 2.** ആദ്യക്രിസ്തീയ ഉപദേഷ്ടാക്കന്മാരിൽനിന്ന് അവർക്ക് ലഭിച്ച സന്ദേശവും അടുത്ത സമയത്ത് വന്ന ദുരുപദേഷ്ടാക്കന്മാരുടെ വാക്കുകളും തമ്മിൽ വേർതിരിച്ചു മനസിലാക്കുവാനായിരുന്നു അപ്പൊസ്തലൻ തുടർന്നു പറയുന്നത്. **മുൻപറഞ്ഞ വചനങ്ങളെ ഓർക്കുവാനായിരുന്നു** അവൻ അവരെ ബോധ്യമാക്കിയത്. **വിശുദ്ധ പ്രവാചകന്മാർ** മുഖാന്തരം ദൈവം സംസാരിച്ച

വചനങ്ങളായിരുന്നു ആദ്യം അവർക്ക് ലഭിച്ചത്, പഴയനിയമ പ്രവാചകന്മാർ പരിശുദ്ധാത്മനിയോഗത്താലായിരുന്നു സംസാരിച്ചതെന്ന് പത്രൊസ് മുൻപ് പറഞ്ഞിരുന്നു (1:21). അതിനു പുറമെ, അപ്പൊസ്തലന്മാർ മുഖാന്തരം അവർ കേട്ട സന്ദേശം, "വിശുദ്ധ പ്രവാചകന്മാരുടെ വചനം" നിറവേറുന്നതായിരുന്നു. ഡൊണാൾഡ് ഗത്രി നിരീക്ഷിച്ചു, "പ്രവചനമുന്നറിയിപ്പുകൾ യേശുവിന്റെ കൽപനകളുമായി ബന്ധപ്പെടുത്തുന്നത് സൂചിപ്പിക്കുന്നത് ക്രിസ്തീയ ഉപദേശങ്ങൾ ആധികാരികമായി [പഴയനിയമത്തിൽ] തന്നെ തുടങ്ങി എന്നാണ്."[1]

ഈ വാക്യത്തിലെ പത്രൊസിന്റെ ഗ്രീക്ക് അൽപം മോശമാണെങ്കിലും, അർത്ഥം വളരെ വ്യക്തമാണ്. പ്രവാചകന്മാരുടെ മുൻപറഞ്ഞ വാക്കുകൾ എന്ന് പത്രൊസ് പറഞ്ഞത് അക്ഷരികമായി, "നിങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വാക്കുകളാണ്." വാസ്തവത്തിൽ, അപ്പൊസ്തലന്മാരിൽകൂടെ അവർ കേട്ട വചനങ്ങൾ, കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ കൽപനകൾ ആയിരുന്നു എന്നർത്ഥം. മറ്റൊരു സാധ്യത എന്തെന്നാൽ കൽപനകൾ അപ്പൊസ്തലന്മാരുടേതായിരുന്നു. എന്നാൽ അപ്പൊസ്തലന്മാർ, കർത്താവും രക്ഷിതാവുമായ യേശു തിരഞ്ഞെടുത്ത് അയച്ചവരായിരുന്നു. രണ്ടും സന്ദർഭത്തിനു യോജിക്കുന്നതാണ്. രണ്ടും പരസ്പരം വിയോജിക്കുന്നതല്ല എന്നു സാരം.

അപ്പൊസ്തലന്മാരെ, **നിങ്ങളുടെ അപ്പൊസ്തലന്മാർ** എന്നാണ് പത്രൊസ് പറഞ്ഞത്. അവർക്ക് മറ്റൊരു ഉദ്ദേശവുമില്ലായിരുന്നു. അവർ ക്രിസ്ത്യാനികളെ വാണിഭമാക്കിയില്ല; അവർ വിശ്വാസികളുടെ ചെലവിൽ വ്യക്തിപരമായ നേട്ടമുണ്ടാക്കുവാൻ ശ്രമിച്ചില്ല. മനുഷ്യരുടെ രക്ഷയും കർത്താവിന്നു മഹത്വവും എന്നതായിരുന്നു അപ്പൊസ്തലന്മാരുടെ ലക്ഷ്യം. "നിങ്ങളുടെ അപ്പൊസ്തലന്മാർ" എന്നാണ് അവൻ പറഞ്ഞത്. ചിലപ്പോൾ അപ്പൊസ്തലന്മാരുടെ അധികാരത്തെ എടുത്തു പറഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോൾ, അതല്ല പ്രശ്നം, അപ്പൊസ്തലന്മാർ അവരെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്തിരുന്നു എന്നു പറയുവാനാണ് അവൻ ആഗ്രഹിച്ചത്. നേരെ മറിച്ച്, ദുരുപദേഷ്ടാക്കന്മാർ അവരെ ചൂഷണം ചെയ്തു നേട്ടം ഉണ്ടാക്കുവാനായിരുന്നു ശ്രമിച്ചത് (2:3, 15). എങ്കിലും അപ്പൊസ്തലന്മാരുടെ അധികാരം ഒരിക്കലും ചോദ്യം ചെയ്യുവാനാകാത്തതായിരുന്നു. പ്രവാചകന്മാരുടെ ആധികാരിക എഴുത്തുകളും, അപ്പൊസ്തലന്മാരുടെ കൽപനകളും, യേശുക്രിസ്തുവിന്റെ കൽപനകളും, ദുരുപദേഷ്ടാക്കന്മാരുടെ ഉപദേശങ്ങളും തമ്മിലുള്ള അന്തരം അവൻ തന്റെ വായനക്കാർക്ക് സ്പഷ്ടമാക്കി.

സത്യത്തെ ചോദ്യം ചെയ്യുന്ന സാഹചര്യം വരുമ്പോൾ, ദുരുപദേഷ്ടാക്കന്മാരുടെ അധാർമ്മികമായ ജീവിതം അവർക്ക് മാറ്റിനിർത്താവുന്നതായിരുന്നില്ല. ക്രിസ്തുവിനെ കുറിച്ചുള്ള സത്യത്തിനും, രക്ഷാമാർഗത്തിനും, അല്ലെങ്കിൽ സഭയെ കുറിച്ചുള്ള സത്യത്തിനും ക്രിസ്ത്യാനികൾ നോക്കേണ്ടത് അപ്പൊസ്തലന്മാരുടെ ഉപദേശത്തെയാണ്. അപ്പൊസ്തലന്മാരെ "നിങ്ങളുടെ അപ്പൊസ്തലന്മാർ" എന്ന് പത്രൊസ് പറയുവാൻ കാരണം, അവരുടെ ആദ്യ കരുതൽ വായനക്കാരുടെ ആത്മിയ വളർച്ചയായിരുന്നു. ദൈവശ്വാസിയ പുരുഷന്മാരിൽനിന്നു ലഭിച്ചതും അപ്പൊസ്തലന്മാരിൽനിന്നു നേരിട്ടു ലഭിച്ചതുമായ സത്യം പരിശോധിക്കുവാനായിരുന്നു അപ്പൊസ്തലൻ വായനക്കാരോട് അഭ്യർത്ഥിച്ചത്. ക്രിസ്തീയ നായകത്വത്തിൽനിന്നു മാറ്റാവുന്നതായിരുന്നില്ല വ്യക്തിപരമായ മൂലകം. നല്ല ഇടയന്മാരെ പോലെയായിരുന്നു അപ്പൊസ്തല

ന്മാർ അവരെ സ്നേഹിച്ചതും അവരെ കുറിച്ചു കരുതിയതും.

അവർക്ക് **കൽപന** കൊടുത്ത "അപ്പൊസ്തലന്മാർ" ആരായിരുന്നു? ആദ്യം തന്നെ, കർത്താവ് തിരഞ്ഞെടുത്ത് അയച്ച പന്തിരുവരായിരുന്നു അവർ. ആ പന്തിരുവർ പിന്നെ, മറ്റുള്ളവരെ പഠിപ്പിച്ച് ഉപദേശിക്കുവാൻ അയച്ചു.[2] ഒന്നുകിൽ പന്തിരുവരോ അല്ലെങ്കിൽ അവർ അയച്ചവരോ ആദ്യം തന്റെ വായനക്കാരോട് സുവിശേഷം അറിയിച്ചവരെയായിരിക്കാം പത്രൊസ് ഉദ്ദേശിച്ചത്. യേശുവിനെ കുറിച്ച് അവരോട് ആദ്യം മിഷ്ണറിയായി ഉപദേശിച്ചു എന്നതിനേക്കാൾ പ്രാധാന്യം ആരംഭത്തിലെ അപ്പൊസ്തൊലിക സന്ദേശത്തിനായിരുന്നു.

## "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ?" (3:3-7)

**[3]അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? [4]"പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ ഇരിക്കുന്നു എന്നു പറഞ്ഞു സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ പരിഹാസ്യത്തോടെ അന്ത്യകാലത്ത് വരുമെന്ന് വിശേഷാൽ അറിഞ്ഞുകൊൾവിൻ." [5]ആകാശവും വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ട് ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും [6]അതിനാൽ അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും [7]ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്ക് കാത്തുമിരിക്കുന്നു എന്നും അവർ മനസോടെ മറന്നുകളയുന്നു.**

ദുരുപദേഷ്ടാക്കന്മാരുടെ ഉപദേശങ്ങൾ വിശദമായി പത്രൊസ് പറയുന്നില്ലെങ്കിലും, അവർ കർത്താവിന്റെ മടങ്ങിവരവു വിശ്വസിക്കാത്തവരാണെന്ന് നമുക്ക് സുരക്ഷിതമായി പറയാം. കർത്താവായ യേശു സ്വർഗാരോഹണം ചെയ്തതുപോലെ വീണ്ടും മടങ്ങി വരുമെന്ന് പ്രാരംഭ മിഷ്ണറിമാർ പരിവർത്തനം ചെയ്തവരോട് ഉറപ്പിച്ചു പറഞ്ഞിരുന്നു. കൂടാതെ അവൻ വേഗം വരുമെന്നും പറഞ്ഞിരുന്നു (യാക്കൊ. 5:8; 1 പത്രൊ. 4:7). "വേഗം" എന്നത് ഒരു ആപേക്ഷികമായ വാക്കാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽ, അല്ലെങ്കിൽ ഏതാനും ദശാബ്ദങ്ങൾക്കുള്ളിൽ കർത്താവ് വരുമെന്ന് അന്നുള്ളവർ പ്രതീക്ഷിച്ചതിൽ അതിശയിക്കുവാനില്ല. സമയങ്ങൾ വളരെ കഴിഞ്ഞു, എന്നാൽ യേശു വന്നില്ല. കർത്താവ് വരുവാൻപോകുന്നില്ല എന്നു പറഞ്ഞ്, പ്രതീക്ഷ തെറ്റിയവരെ ദുരുപദേഷ്ടാക്കന്മാർ ചൂഷണം ചെയ്യുവാൻ ആരംഭിച്ചു. അതിനു പകരം, വേറെ ചിലർ കർത്താവ് വന്നു എന്നു വാദിക്കുവാൻ തുടങ്ങി, അക്ഷരികമായല്ല, ആത്മിയമായിട്ടാണ് അവൻ വന്നത് എന്നും, ആളുകൾ സ്നാനം ഏൽക്കുമ്പോൾ, അവൻ വ്യക്തിയായി ഓരോരുത്തരിലും വരികയാണെന്നും ഒരു കൂട്ടർ വാദിച്ചു. പത്രൊസ് അതൊന്നും പറഞ്ഞില്ല. കർത്താവ് എപ്പോൾ വരുമെന്നതിനെ കുറിച്ച് ആരും സംശയിക്കരുത് എന്നാണ് അപ്പൊസ്തലൻ എല്ലാവരോടും പറഞ്ഞത്. ദൈവം പണ്ട്കാലത്ത് ലോകത്തെ വിധിച്ചതുപോലെ വീണ്ടും വിധിക്കും.

**വാക്യം 3.** ദുരുപദേഷ്ടാക്കന്മാർ ക്രിസ്ത്യാനികളുടെ ഉപരിതലത്തിൽ നുഴ

ഞ്ഞു കയറിയിരിക്കയാൽ, ആരെയും കവർന്നു കളയാതിരിപ്പാൻ സൂക്ഷിച്ചു കൊൾക. പൗലൊസ് മറ്റു ക്രിസ്ത്യാനികളെ മുന്നറിയിച്ചതുപോലെ ദുരുപ ദേഷ്ടാക്കന്മാരെ സൂക്ഷിച്ചുകൊള്ളേണമെന്നാണ് പത്രൊസ് മുന്നറിയിച്ചത് (പ്രവൃ. 20:29–31; 1 തിമൊ. 4). ഇംഗ്ലീഷുകാർക്ക് "**പരിഹാസികൾ പരിഹാസത്തോടെ** [വരും]" എന്നത് കണക്കിലേറെ ആണെന്നു തോന്നുന്നു, എന്നാൽ എബ്രായ ഭാഷയിൽ അത് നിലവാരമുള്ള പ്രയോഗമാണ്. അന്റെ ആദ്യഭാഷയിലെ വ്യാകരണ രീതി തിരിച്ചാണ് അപ്പൊസ്തലൻ ഉപയോഗിച്ചതെന്നു തോന്നുന്നു.

ഇവിടെ പറയുന്ന "പരിഹാസികൾ" പോലെയാണ് അദ്ധ്യായം 2 ലെ ദുരുപദേഷ്ടാക്കന്മാർ. അവർ രണ്ടുകൂട്ടരും അപ്പൊസ്തലന്മാരുടെ ഉപദേശങ്ങളെ പരിഹസിച്ചവരാണ്, പ്രത്യേകിച്ച്, കർത്താവിന്റെ മടങ്ങി വരവിനെ കുറിച്ച്. അവർ **സ്വന്തമോഹങ്ങളെ അനുസരിച്ച് ആണ്** നടന്നിരു[ന്നത്]. ദൈവജനം നയിച്ചിരുന്ന ജീവിതത്തിന് നേരെ എതിരായിരുന്നു അവരുടെ സ്വഭാവം. മൈക്കിൾ ഗ്രീൻ പറഞ്ഞു, "മാനുഷ വിദ്വേഷവും ഭോഗേ-ഛയും എല്ലായ്പോഴും ഒരുമിച്ചാണ് നടന്നിരുന്നത്."[3] ദൈവം അപ്പൊസ്തലന്മാരിൽ കൂടെ വെളിപ്പെടുത്തിയ നിയമങ്ങളോട് അൽപമെങ്കിലും ബഹുമാനമുള്ളവർ ധാർമ്മികമായും ഉപദേശപരമായും അവയെ ലംഘിക്കുകയില്ല.

താനും തന്റെ വായനക്കാരും **അന്ത്യകാല**ത്താണ് ജീവിക്കുന്നത് എന്നത് സംശയരഹിതമായി പറഞ്ഞിരിക്കുന്നു. ആയിരം വർഷം കഴിഞ്ഞിട്ടാണ് കർത്താവ് വരുന്നതെങ്കിൽ പോലും അത് അന്ത്യകാലം തന്നെയാണ് (3:8). ക്രിസ്തുവിന്റെ ഒന്നാം വരവിനും (തന്റെ രാജ്യത്തിന്റെ തിരിച്ചറിയലിന്റെ തുടക്കം) രണ്ടാം വരവിനും (ന്യായവിധി നടത്തുന്നതും തന്റെ വാഴ്ച്ചയുടെ അവസാനം തിരിച്ചറിയിക്കുന്നതും) ഇടക്കുള്ള കാലത്തെയാണ് "അന്ത്യകാലം" എന്ന് 2 തിമൊഥെയൊസ് 3:1 ലും എബ്രായർ 1:1, 2 ലും പറഞ്ഞിരിക്കുന്നത്. "അന്ത്യകാലം" എന്നത് പ്രവാചകന്മാർ മനസിലാക്കിയിരുന്നു എന്നു സൂചിപ്പിക്കുവാനായിരുന്നു പത്രൊസും മറ്റു പുതിയ നിയമ എഴുത്തുകാരും പ്രവാചകന്മാരെ എടുത്തു കാണിച്ചത്. യെശയ്യാവ് എഴുതി, "അന്ത്യകാലത്ത് യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകളുടെ മീതെ ഉന്നതവുമായിരിക്കും; സകലജാതികളും അതിലേക്ക് ഒഴുകിച്ചെല്ലും" (യെശ. 2:2). പ്രവാചകന്മാർ അത് കാണുവാൻ പ്രതിസന്ധി നേരിട്ട കാലയളവിലായിരുന്നു, പത്രൊസും അവന്റെ ക്രിസ്തീയ വായനക്കാരും ജീവിച്ചിരുന്നത്; യഹോവയുടെ ആലയമുള്ള പർവ്വതം സ്ഥാപിച്ചു. യെശയ്യാ പ്രവാചകന്റെ വാക്കുകളെ അന്നത്തെ ആളുകൾ പരിഹസിച്ചതുപോലെ (യെശ. 28:14, 15), അപ്പൊസ്തലന്മാരുടെ വാക്കുകളെ ദുരുപദേഷ്ടാക്കന്മാരും പരിഹസിച്ചു. "അന്ത്യകാലത്ത്" ജീവിക്കുന്ന ക്രിസ്ത്യാനികൾ തങ്ങളുടെ സുവിശേഷ പ്രവർത്തനങ്ങളുടേയും ശുശ്രൂഷയുടേയും അത്യാവശ്യം മനസിലാക്കണം.

**വാക്യം 4. "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ?"** എന്ന് ദുരുപദേഷ്ടാക്കന്മാർ വിദ്വേഷത്തോടെ ചോദിച്ചതിൽ അതിശയിക്കുവാനില്ല. വിശ്വാസികൾ അപ്പൊസ്തലന്മാരുടെ വാക്കുകൾ അക്ഷരികമായി വിശ്വസിച്ചിരിക്കുന്നു എന്നു പറഞ്ഞാണ് അവർ അവരെ പരിഹസിച്ചത്. അവരുടെ പോയിന്റ് സ്ഥിരീകരിക്കുവാനായി പറഞ്ഞു, **"പിതാക്കന്മാർ നിദ്ര കൊണ്ട ശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ**

**ഇരിക്കുന്നു.**" കാലങ്ങൾ വരികയും പോകുകയും ചെയ്യുന്നതും, പുതിയ തലമുറ ജനിക്കുന്നതും പഴയ തലമുറ മരിക്കുന്നതും കാലചക്രം തുടരുന്നതിന്റെ സൂചനയാണ്. അതുകൊണ്ട് ദുരുപദേഷ്ടാക്കന്മാർ വാദിച്ചു. മനുഷ്യ ഹൃദയങ്ങളെ നിരുൽസാഹപ്പെടുത്തുന്ന കെട്ടുകഥയാണ് "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം" എന്നായിരുന്നു അവരുടെ വാദം.

വിദ്വേഷം മനുഷ്യോത്പത്തിയോളം പഴക്കമുള്ളതാണ്. നിയമവും നിയന്ത്രണവുമില്ലാത്തവർ വരുത്തുന്ന വിപത്താണ് അത്. ശലോമോൻ ആ പ്രതിസന്ധി നേരിട്ടു: "ഉണ്ടായിരുന്നത് ഉണ്ടാകുവാനുള്ളതും, ചെയ്തുകഴിഞ്ഞത് ചെയ്യുവാനുള്ളതും ആകുന്നു; സൂര്യന്നു കീഴിൽ പുതുതായി യാതൊന്നും ഇല്ല" (സഭാ. 1:9). വിശ്വാസികളെയും അ-വിശ്വാസികളേയും തമ്മിൽ വേർതിരിക്കുന്ന ഏതാനും അടയാളങ്ങളുള്ളതിൽ ഒന്ന് ഇവിടെയാണ്. ലോകം എവിടേക്കാണ് പോകുന്നതെന്ന് വിശ്വാസിക്ക് അറിയാം. അത് അന്ത്യത്തിലേക്കാണ് പോകുന്നത്. അവസരവും സാഹചര്യവുമാണ് ഭരിക്കുന്നതെന്നാണ് അ-വിശ്വാസി വിശ്വസിക്കുന്നത്. ലോകം ചലിക്കുന്നത് ഒന്നുമല്ലാത്തതിലേക്കാണ്. അവരെ സംബന്ധിച്ച് മനുഷ്യജീവിതത്തിന് ഒരു അന്തിമ ലക്ഷ്യമില്ല.

"മരണം" എന്നതിന് പത്രൊസ് ഉപയോഗിച്ച വാക്ക് (*കോയിമാവോമായി*), താൽപര്യം ഇല്ലാതാകുന്നതാണ്. സ്തെഫാനോസിന്റെ മരണത്തിനും ഉപയോഗിച്ചത് അതേ വാക്കാണ്. ലൂക്കൊസ് എഴുതി, "അവൻ നിദ്ര പ്രാപിച്ചു" (പ്രവൃ. 7:60). മരിച്ചവവരെ കുറിച്ചു പറയുമ്പോൾ, പൗലൊസും ഇതേ വാക്കാണ് ഉപയോഗിച്ചത്, "നിദ്രകൊണ്ടവർ" എന്നാണ് (1 തെസ്സ. 4:13). എൻഏഎസ്ബി അതിനെ അക്ഷരികമായാണ് തർജ്ജമ ചെയ്തിരിക്കുന്നത്, എന്നാൽ പല തർജ്ജമകളും കൊടുത്തിരിക്കുന്നത് "മരിക്കുക" എന്നാണ്. അതാണ് ആ വാക്കിന്റെ ശരിയായ അർത്ഥം. എങ്കിലും, "നിദ്ര" എന്നത് മരണത്തെ മൃദുവായി പറയുന്നതാണ്.

ഗ്രീക്ക്-റോമാ ലോകത്ത് മരണത്തിന് പൊതുവായി ഉപയോഗിച്ചിരുന്ന രൂപകാലങ്കാരമായിരുന്നു "നിദ്ര," എന്നാൽ ജീർണ്ണതയിലായിരുന്ന റോമാ ലോകത്തിന് മരണം അശുഭമായിട്ടാണ് കണക്കാക്കിയിരുന്നത്. വിഡ്ഢികളെ പുരാതന ലോകം ചിത്രീകരിച്ചിരുന്നത് ഒരു തലയോട്ടിയുടെ ചിത്രത്താലായിരുന്നു. റോമൻ കല്ലറയിലെ ഓർമ്മക്കായി പൊതുവിൽ ഉപയോഗിച്ചിരുന്ന വിശേഷണം ലാറ്റിൻ വാക്കുകളാൽ ഉപയോഗിച്ചിരുന്നത്, "എൻഎഫ്എഫ് എൻഎസ്എൻസി" ആയിരുന്നു. *നോൺ ഫൂയി, ഫൂയി, നോൺ, സം, നോൺ കൂറോ* എന്നതിന്റെ ആദ്യ അക്ഷരങ്ങൾ ആയിരുന്നു. ആ വാക്കുകൾ തർജ്ജേമ ചെയ്തിരുന്നത് ഇങ്ങനെ വായിക്കുന്നു, "ഞാൻ ആയിരുന്നില്ല, ഞാൻ ആയിരുന്നു, ഞാൻ കാര്യമാക്കുന്നില്ല."[4] പത്രൊസിന്റെ ആനുകാലികർക്ക് പലർക്കും മരണം അവലക്ഷണവും വിധികൽപിതവുമായ ഒന്നായിരുന്നു. ക്രിസ്ത്യാനികൾക്ക്, മരണം ഒരു നിദ്രയാണ്.

ചിലർ പത്രൊസിന്റെ വാക്കുകളിൽ ദശാബ്ദങ്ങളുടെ അഭാവം കാണുന്നുണ്ട്. "പിതാക്കന്മാർ നിദ്രകൊണ്ടു" എന്ന് അപ്പൊസ്തലൻ പറഞ്ഞതിൽ സംഗ്രഹിക്കാവുന്ന പ്രസ്താവനയല്ല എന്നതാണ് അവരുടെ വാദം. ആദ്യ ക്രിസ്തീയ സമൂഹത്തിലെ പ്രായമായിരുന്നവരാണ് എന്നത്രെ അവർ പറയുന്നത്, വർഷങ്ങൾ കഴിഞ്ഞു, തലമുറകൾ തന്നെ മരണപ്പെട്ടുപോയി, എന്നിട്ടും കർത്താവ് മടങ്ങി വന്നില്ല. ആളുകൾക്കിടയിൽ നിലനിന്ന പ്രത്യാശയെ ദുരുപദേഷ്ടാക്കന്മാർ നിരാശരാക്കി മാറ്റി. അങ്ങനെ വാക്കുകളെ വ്യാഖ്യാനിച്ച്,

അപ്പൊസ്തലനായ പത്രൊസ് രക്തസാക്ഷിത്വം വഹിച്ചതിന് ദശാബ്ദങ്ങൾക്ക് ശേഷമാണ് 2 പത്രൊസ് എഴുതിയത് എന്നാണ് അവരുടെ പക്ഷം. പല കാരണങ്ങൾ കൊണ്ട് ആ വ്യാഖ്യാനം തെറ്റാണ്.

നിരാശ വരുവാൻ ദശാബ്ദങ്ങൾ എടുത്തു എന്നാണ് അത്തരം വ്യാഖ്യാനം കരുതുന്നത്. അപ്പൊസ്തൊലിക സന്ദേശം "എല്ലാറ്റിന്റേയും അവസാനം അടുത്തിരിക്കുന്നു" എന്നായിരുന്നു (1 പത്രൊ. 4:7). "അടുത്തിരിക്കുന്നു" എന്നു പറഞ്ഞത് മിക്ക ക്രിസ്ത്യാനികളും മനസിലാക്കിയിരുന്നോ ഇല്ലയോ എന്നു പറയുക പ്രയാസമാണ്. കർത്താവ് ഒരു വർഷത്തിനുള്ളിലോ, അല്ലെങ്കിൽ അഞ്ചു വർഷത്തിനുള്ളിലോ മടങ്ങിവരുമെന്ന് ചിലർ തീർച്ചയാക്കിയിരിക്കുവാൻ സാധ്യതയുണ്ട്. നിരാശരാകുവാൻ ദശാബ്ദത്തോളം കാത്തിരിക്കേണ്ട ആവശ്യമില്ല. നിരാശ വരികയാണെങ്കിൽ അത് പ്രാരംഭഘട്ടത്തിൽ തന്നെ സംഭവിക്കാം. ആരംഭകാലം മുതലുള്ള സംഭവങ്ങൾക്ക് ഒരു മാറ്റവും സംഭവിച്ചിട്ടില്ല എന്നു പറഞ്ഞാണ് അവരുടെ പ്രതീക്ഷകളെ ദുരുപദേഷ്ടാക്കന്മാർ ചൂഷണം ചെയ്തത്. തലമുറകൾ പലത് വരികയും പോകുകയും ചെയ്തു. അവരെ സംബന്ധിച്ച് കർത്താവിന്റെ "മടങ്ങി വരവ്" ഉണ്ടായില്ല.

ജ്ഞാനത്തിന്റെ സൂക്ഷിപ്പുകാരായിട്ടായിരുന്നു ദുരുപദേഷ്ടാക്കന്മാർ സ്വയം-അവരോധിക്കപ്പെട്ടത്. അങ്ങനെയാണ് അവർ കർത്താവിന്റെ മടങ്ങി വരവ് അക്ഷരികമല്ല എന്നു വാദിക്കുവാൻ തുടങ്ങിയത്. അതിനു പുറമെ, അവരുടെ സ്വാതന്ത്ര്യസന്ദേശം അവകാശപ്പെട്ടത്, ആ ജ്ഞാനത്താലായിരുന്നു (2:19). അവർ ന്യായപ്രമാണം തള്ളിക്കളഞ്ഞതും (2:21), തങ്ങളുടെ ജഡികമോഹങ്ങളും (2:18) എല്ലാം അതിന്റെ അടിസ്ഥാനത്തിലായിരുന്നു. ക്രിസ്തീയ ഉപദേശത്തിന്റെ രണ്ടാമതുണ്ടായ ചിന്തയായിരുന്നില്ല കർത്താവ് ന്യായവിധിക്കായി പ്രത്യക്ഷനാകുന്നത് എന്ന് ദുരുപദേഷ്ടാക്കന്മാർ മനസിലാക്കിയിരുന്നില്ല. ചരിത്രം എവിടെയോ മറയുവാൻ പോകുന്നു എന്നതാണ് കർത്താവിന്റെ മടങ്ങി വരവ് പ്രഖ്യാപിക്കുന്നത്. ലോകത്തെ ദൈവം അവസാന കണക്കെടുപ്പിലേക്ക് നീക്കുമെന്നുള്ളതുകൊണ്ട്, ആളുകളുടെ വിശ്വാസവും പ്രവൃത്തിയും വളരെ പ്രാധാന്യമുള്ളതാണ്. അവൻ സകല ജാതികളെയും തന്റെ മുമ്പിൽ കൂട്ടിവരുത്തും (മത്താ. 25:31-33), എല്ലാ മുട്ടും അവന്റെ മുമ്പിൽ മടങ്ങും (ഫിലി. 2:10). അവസാന ദിവസങ്ങൾ, അവസാന ദിവസമായും, "കർത്താവിന്റെ ദിവസമായും" തീരും (3:10), അപ്പോൾ സമയവും അവസാനിക്കും. ക്രിസ്തീയ വിശ്വാസത്തിന്റെ എല്ലാ ഉറപ്പിലും ഒരു ആരംഭവും അവസാനവും ഉണ്ട് എന്നത് തീർച്ചയാണ്. "സകലവും ആരംഭത്തിലേതുപോലെ തുടർന്നുകൊണ്ടിരിക്കുന്നു" എന്നു പറയുന്നത് അ-വിശ്വാസത്താലാണ്. അത് ആധുനിക സംസ്ക്കാരമായ ഭൗതികവാദവും ആപേക്ഷികവുമാണ്.

**വാക്യം 5.** ആരംഭമുണ്ടെങ്കിൽ ഒരു അവസാനമുണ്ടാകും എന്നു പറഞ്ഞുകൊണ്ടാണ് പത്രൊസ് ആ വാദത്തെ ഖണ്ഡിക്കുന്നത്. രണ്ടും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. ദൈവമായി കൊണ്ടുവന്നത്, ദൈവമായി അവസാനിപ്പിക്കും. യേശുവിനെ ക്രൂശിൽ തറെക്കുകയും അവൻ ഉയർത്തെഴുന്നേൽക്കുകയും ചെയ്തതോടുകൂടെ അന്ത്യകാലം ആരംഭിച്ചു. ഉയർത്തെഴുന്നേറ്റ ക്രിസ്തു ന്യായവിധിക്കായി വീണ്ടും വരും. ദൈവം യഥാർത്ഥത്തിലുള്ളവനാകയാൽ ആരംഭവും അവസാനവും വാസ്തവമാണ്. കർത്താവ് ന്യായവിധിക്കായി മടങ്ങി വരുമെന്നതു നിഷേധിക്കുന്നവരോട് പത്രൊസ് വളരെ പ്രസക്തമായി നിരീക്ഷിച്ചു, **പണ്ട് ഭൂമിയും ദൈവത്തിന്റെ വചനത്താൽ ഉളവായി**

**എന്ന കാര്യം അവർ മനസോടെ മറന്നുകളയുന്നു.** അവയെല്ലാം ദൈവകൽപ യാലത്രെ ഉണ്ടായത് എന്നർത്ഥം.

പത്രൊസ് സൃഷ്ടിയെ കുറിച്ച് എഴുതിയപ്പോൾ, അവൻ പഴയ നിയമപ്ര വാചകന്മാരുടേയും ജ്ഞാനികളുടേയും സ്ഥാനത്തായിരുന്നു. മനുഷ്യർക്ക് വേണ്ടി നിലകൊള്ളുന്ന ഇതിഹാസ ദേവന്മാരുടെ കെട്ടുകഥകളൊന്നുമല്ല പ ത്രൊസ് പറഞ്ഞത്. ആധുനിക ശാസ്ത്രജ്ഞന്മാരെ തൃപ്തിപ്പടുത്തുന്ന രീതി യിലുമായിരുന്നില്ല അപ്പൊസ്തലന്റെ പ്രസ്താവന. അവൻ ലളിതമായ സത്യം പറഞ്ഞു. ഉൽപത്തിയിലെ വിവരങ്ങളെല്ലാം വാസ്തവമാണെന്നതിന് അവൻ തെളിവുകൾ നിരത്തി. ദൈവം സംസാരിച്ചപ്പോൾ ലോകം ഉളവായി. അത് വിശ്വാസ പ്രസ്താവനയായിരുന്നു. "ശാസ്ത്രമായാലും," അല്ലെങ്കിൽ മറ്റു വസ്തുതകളായാലും യാഥാർത്ഥ്യം ഉറപ്പിക്കുന്നത്, വിശ്വാസ പ്രസ്താവന യാലാണ്; പക്ഷെ എല്ലാ വിശ്വാസ പ്രസ്താവനകളും ആ ക്രമത്തിൽ ആയി രിക്കണമെന്നില്ല.

പ്രപഞ്ചത്തിന് ആരംഭമില്ല, വസ്തു എന്നേക്കുമുള്ളതാണ്, ജീവിതത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കത്തക്കവണ്ണം ശക്തി പുറപ്പെടുവിക്കുവാനുള്ള ജന്മ സിദ്ധമായ കഴിവ് വസ്തുവിനുണ്ട് എന്നു തുടങ്ങിയ പകരമുള്ള വിശ്വാസ പ്രസ്താവനകൾ ധാരാളമുണ്ട്. ശാസ്ത്രവും സാങ്കേതിക ജ്ഞാനവും പുരോ ഗതി പ്രാപിച്ചതോടെ മനുഷ്യകുടുംബത്തിന് അവിശ്വസനീയമായ അഹങ്കാരം വന്ന്,ദൈവത്തെ സംശയിക്കുവാനും തുടങ്ങി. അത് ഒരേ സമയത്ത്, സഹി ക്കുവാൻ കഴിയാത്തതും താൽക്കാലികമായി സന്തോഷിപ്പിക്കുന്നതുമാകുന്നു. എന്നാൽ ക്രിസ്ത്യാനിയുടെ വിശ്വാസ പ്രസ്താവന മനുഷ്യജീവിതത്തെയും ലോകത്തെയും നിരീക്ഷിച്ചുകൊണ്ടുള്ളതാണ്. പ്രപഞ്ചത്തിലും അവന്റെ വചനത്തിലും വെളിപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് അത് പരിഗണിക്കേണ്ടത്. "ദൈവ വചനത്താലാണ്" ആകാശവും ഭൂമിയും ആരം ഭിച്ചത് എന്ന കാര്യം ദുരുപദേഷ്ടാക്കന്മാർ മറന്നു കളയുന്നു എന്നു പത്രൊസ് പറയുവാൻ ശരിയായ കാരണങ്ങൾ ഉണ്ട്.

അവസാനം ഉണ്ടെന്നു തെളിയിക്കുവാൻ പത്രൊസ് ആരംഭത്തെ എടുത്ത് കാണിച്ചതിൽ അതിശയിക്കുവാനില്ല, എന്നാൽ അവൻ തിരഞ്ഞെടുത്ത വാക്കുകൾ നമ്മെ അതിശയിപ്പിക്കുന്നതുമാണ്. **ഭൂമി വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായി** എന്നാണ് പത്രൊസ് പറഞ്ഞത്. അവന്റെ വാക്കു കളിൽ പരീക്ഷിക്കപ്പെട്ടിരിക്കുന്നു എങ്കിലും ജീവന്റെ നിലനിൽപിന് വെള്ളം ആവശ്യമായിരിക്കുന്നത് നിഷേധിക്കുവാൻ കഴിയുകയില്ല എന്നായിരിക്കാം അവൻ പറഞ്ഞത്. പക്ഷെ, പത്രൊസ് ന്യായവിധി എന്ന വിഷയത്തിലേക്കാണ് നയിക്കുന്നത്. താഴെയുള്ളതും മുകളിലുള്ളതുമായ വെള്ളത്തെ വേർതി രിക്കുന്ന രൂപകാലങ്കാരമാണ് ഉൽപത്തിയിൽ വിവരിക്കുന്നത്. ഉണങ്ങിയ നിലം കാണേണ്ടതിന് താഴെയുള്ള വെള്ളത്തെ ഒരു ഭാഗത്തേക്ക് മാറ്റിയി രിക്കുകയാണ് (ഉല്.1:6–10). ദൈവം വെള്ളത്തെ കൈകാര്യം ചെയ്യുന്നതും, വെള്ളത്തിന്മേലുള്ള അവന്റെ കർത്തൃത്വവും, സൃഷ്ടിത്വത്തിൽ പറഞ്ഞിരി ക്കുന്ന കാര്യമാണ്. ദൈവം വെള്ളത്തെ ഏർപ്പെടുത്തിയിരിക്കുന്നത് വളരെ വ്യക്തമാണ്. സൃഷ്ടിത്വത്തിലെ വെള്ളത്തേക്കാൾ പത്രൊസ് വിചാരപ്പെട്ടത് ന്യായവിധിയിലെ വെള്ളത്തെയാണ്. അവന്റെ ചിന്ത പുരോഗമിക്കുമ്പോൾ അവന്റെ പോയിന്റ് കൂടുതൽ വ്യക്തമാകന്നു.

**വാക്യം 6.** ഈ ചെറിയ രണ്ടു ലേഖനങ്ങളിൽ പത്രൊസ് മൂന്നു പ്രാ

വശ്യം ജലപ്രളയത്തെ ഓർമ്മിപ്പിക്കുന്നു (1 പത്രൊ. 3:20; 2 പത്രൊ. 2:5; 3:6). ആ മൂന്നു സംഭവങ്ങളിലും ജലപ്രളയത്തിനു മുൻപുള്ള ലോകത്തെ ദൈവം ജലപ്രളയത്താൽ അവസാനിപ്പിച്ചതാണ് ഓർപ്പിച്ചത്, ഇപ്പോഴത്തെ ലോകവും ന്യായവിധിയാൽ ആണ് അവസാനിപ്പിക്കുന്നത്. ഈ വാക്യത്തിന്റെ ആരംഭ വാക്കുകളിൽ, **ആലും** (*ഡി'ഹോൺ*) എന്നത് ഗ്രീക്കിൽ ബഹുവചന സർവ്വനാമം ആയി ഉപയോഗിച്ചിരിക്കുന്നത് തെറ്റിദ്ധരിക്കപ്പെട്ടേക്കാം. പത്രൊസ് അർത്ഥമാക്കിയത് "മുഖാന്തരം" അല്ലെങ്കിൽ, "വഴിയായി" എന്നാണ്, **അന്നത്തെ ലോകത്തെ നശിപ്പിച്ചത്** ദൈവ വചനവും ജലപ്രളയവുമായിരുന്നു. ലോകത്തെ നശിപ്പിച്ചത് ജലപ്രളയം മാത്രമായിരുന്നില്ല, നാശത്തിന് കാരണമായത് ദൈവത്തിന്റെ വചനം കൂടെയാണ്. കർത്താവിന്റെ മടങ്ങി വരവിനെ നിഷേധിക്കുന്നവർ, ദൈവമാണ് സൃഷ്ടികർത്താവ് എന്ന കാര്യം നിഷേധിക്കുകയാണ് എന്നത്രെ അപ്പൊസ്തലൻ അവരെ ഓർപ്പിച്ചത്. സൃഷ്ടികർത്താവ് പണ്ട് ലോകത്തെ വിധിച്ച് വെള്ളത്താൽ നശിപ്പിച്ചു. അവൻ പണ്ട് ലോകത്തെ കണക്കെടുപ്പ് നടത്തിയതുപോലെ, അവൻ വീണ്ടും ലോകത്തെ കണക്കെടുപ്പിനായി ഉപയോഗിക്കും.

**വാക്യം 7**. ലോകത്തെ രൂപപ്പെടുത്തുവാനും, നശിപ്പിക്കുവാനും വെള്ളവും ദൈവത്തിന്റെ വചനവും ഉപകരണമായി ദൈവം ഉപയോഗിച്ചതിനാൽ, **ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചിരിക്കുന്നു**. വാക്യം തുടങ്ങുന്നത് അഡ്വെർസേറ്റിവ് കഞ്ചങ്ഷനായ *ഡി* യോടുകൂടിയാണ്, അത് മുൻപ് സംഭവിച്ചതിന്റെ അന്തരം വ്യക്തമാക്കുകയാണ്. എൻഏഎസ്ബിയിലെ **എന്നാൽ** എന്ന തർജ്ജമ ശരിയാണ്. ജലപ്രളയത്തിനു മുൻപുള്ള ലോകത്തെ ന്യായം വിധിച്ചതും, ഇപ്പോഴത്തെ ആകാശത്തെയും ഭൂമിയെയും ന്യായവിധി നടത്തുന്ന രീതിയും തമ്മിൽ വലിയ അന്തരം ഇല്ല. ജലപ്രളയത്തിന് മുൻപുള്ള "ആകാശത്തെയും ഭൂമിയെയും" വെള്ളത്താലായിരുന്നു നശിപ്പിച്ചത്; ഇപ്പോഴത്തെ ലോകം തീയാലാണ് നശിപ്പിക്കുന്നത്. "ആകാശവും ഭൂമിയും" എന്ന പ്രയോഗം ലോകത്തിന് മനുഷ്യരുടെ അനുഭവം പോലെയാണ്, അതുകൊണ്ട്, ജലപ്രളയത്താൽ ആകാശത്തെ എങ്ങനെയാണ് ന്യായം വിധിച്ചത് എന്നത് അവർക്ക് മനസിലാകുക പ്രയാസമുള്ളതാണ്. സകല സൃഷ്ടികളും ദൈവത്തിന്റെ ന്യായവിധിക്ക് ഇരയാകും എന്നതാണ് പോയിന്റ്.

ജലപ്രളയത്തിന് ശേഷം ദൈവം നോഹയോട് ഉറപ്പിച്ചു പറഞ്ഞു, "ഞാൻ ചെയ്തതുപോലെ സകല ജീവികളെയും ഇനി നശിപ്പിക്കുകയില്ല" (ഉല്. 8:21). "ഞാൻ ചെയ്തതുപോലെ" എന്ന പ്രയോഗത്തിന്റെ അർത്ഥം യെഹൂദ വ്യാഖ്യാതാക്കൾക്ക് പൊതുവിൽ മനസിലാക്കുവാൻ കഴിഞ്ഞിരുന്നു, അതിന്റെ അർത്ഥം, വെള്ളത്താൽ ലോകത്തെ നശിപ്പിക്കുന്നത് ഇനി ആവർത്തിക്കുകയില്ല എന്നാണ്. അതിനർത്ഥം ദൈവം വീണ്ടും ലോകത്തെ ന്യായം വിധിക്കുകയില്ല എന്നല്ല. ജലപ്രളയം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞപ്പോൾ മോശെ ദൈവത്തിന്റെ അരുളപ്പാട് ആവർത്തനപുസ്തകത്തിന്റെ അവസാനം പറഞ്ഞത്: "എന്റെ കോപത്താൽ തീ ജ്വലിച്ചു പാതാളത്തിന്റെ ആഴത്തോളം കത്തും; ഭൂമിയെയും അതിന്റെ അനുഭവത്തെയും ദഹിപ്പിച്ച് പർവ്വതങ്ങളുടെ അടിസ്ഥാനങ്ങളെ കരിച്ചുകളയും" (ആവ. 32:22).

പുതിയ നിയമത്തിലേക്ക് യെഹൂദന്മാരെ നയിച്ചുകൊണ്ടിരുന്നത് പൊതുവിൽ ദൈവം ഭൂമിയിൽ തീയാൽ ഒരു സാർവ്വദേശിയമായ ന്യായവിധി നടത്തുമെന്നു പറഞ്ഞുകൊണ്ടായിരുന്നു. പൗലൊസ് തന്റെ വായനക്കാരോട്

പറഞ്ഞു, "കർത്താവായ യേശുക്രിസ്തു തന്റെ ശക്തിയുള്ള ദൂതന്മാരുമായി അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും" (2 തെസ്സ. 1:7, 8). പത്രൊസിനും, കർത്താവായ യേശുക്രിസ്തു അഗ്നിജ്വാലയിൽ പ്രത്യക്ഷനാകുന്നത് ദൈവത്തിന്റെ ന്യായ വിധി ദിവസം ആണ്.

പത്രൊസ് നൽകിയ യോഗ്യത നഷ്ടപ്പെടുത്തുവാൻ അവന്റെ വായന ക്കാർ തയ്യാറായിരുന്നില്ല. എല്ലാവരെയും അല്ല തീയാൽ ന്യായം വിധിക്കുന്ന നത്, ദുഷ്ടന്മാരെയാണ്. **അഭക്തരായ പുരുഷന്മാരെ** നശിപ്പിക്കുവാനാണ്, **തീയാലുള്ള ന്യായവിധി നാൾ**. "അഭക്തരായ മനുഷ്യരിൽ" "അവന്റെ പ്ര ത്യക്ഷതയുടെ വാഗ്ദത്തം എവിടെ?" എന്നു ചോദിച്ച ദുരുപദേഷ്ടാക്കന്മാരും ഉൾപ്പെടും എന്ന കാര്യത്തിൽ സംശയമില്ല. "ദൈവ ദിവസത്തിന്റെ വരവിന് കാത്തിരിക്കുന്നവർക്ക്" വിടുതലും രക്ഷയും നൽകുന്ന ദിവസം തന്നെ, അഭ ക്തരെ ദൈവം നശിപ്പിക്കും (3:12).

ആധുനികരായ ക്രിസ്ത്യാനികളും അക്രൈസ്തവരും നാശദിവസവും ലോകാവസാനവും കോർത്തിണക്കി രംഗാവിഷ്ക്കാരം നടത്തിയിട്ടുണ്ട്. ഒന്നു കിൽ ഭൂമിക്കടിയിൽനിന്ന് അഗ്നിപർവ്വതം പൊട്ടിപ്പുറപ്പെട്ട് എല്ലാ ജീവികളും വെന്തുപോകും, അല്ലെങ്കിൽ രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തിൽ അണു ബോംബ് വർഷിച്ച് എല്ലാം അവസാനിപ്പിക്കും, അതുമല്ലെങ്കിൽ ഏതെങ്കിലും വലിയ ഒരു ഉൽക്ക ഭൂമിയുമായി കൂട്ടിയിടിച്ച് എല്ലാ ജീവികളും നശിച്ചുപോ കും. ശാസ്ത്രീയമായ എല്ലാ അത്ഭുത പ്രതിഭാസങ്ങളും കാരണം, എല്ലാം അവസാനിക്കുമെന്നത് മനസിലാക്കുവാൻ ആധുനികരായ ചിലർക്ക് പ്രയാസം നേരിടുന്നു. അ-വിശ്വാസികൾക്ക് പോലും പ്രപഞ്ചം എന്നു പറയുന്നത് അനി ശ്ചിതവും ഭയപ്പെടുത്തുന്നതുമാണ്. ഇതുവരെ ബൈബിൾ വളരെ വ്യക്തമാണ്: കർത്താവ് വരുമ്പോൾ പിന്നെ അവസരം ഉണ്ടാവുകയില്ല. ദൈവം തന്റെ പു ത്രനെ രണ്ടാമത് അയക്കുമ്പോൾ, അവൻ, തന്റെ ഇഷ്ടപ്രകാരം, ലോകം അവ സാനിപ്പിക്കും. തുടർന്നു ന്യായവിധിയും നിത്യതയും ആണ് ഉള്ളത്.

### "കർത്താവിന്റെ നാൾ" (3:8-10)

**8 എന്നാൽ പ്രിയമുള്ളവരേ, കർത്താവിന് ഒരു ദിവസം ആയിരം സംവൽസരം പോലെയും ആയിരം സംവൽസരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്. 9 ചിലർ താമസം എന്നു വിചാ രിക്കുന്നതു പോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്ക യില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ 10 അവൻ ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെ പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള തൊക്കെയും വെന്തുപോകയും ചെയ്യും.**

"അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം" "ന്യായവിധിനാളും അഭക്തരെ ന്യായംവിധിച്ച് നശിപ്പിക്കലും" "കർത്താവിന്റെ നാളും" ഇതേപോലെയുള്ള മറ്റു പ്രയോഗങ്ങളും ഒരേ സംഭവത്തെയാണ് വിരൽ ചൂണ്ടുന്നത്. മനുഷ്യരെ

ന്യായം വിധിക്കുമെന്നത് പരിഹാസികൾ ഒരുപക്ഷെ സംശയിച്ചുകാണും. പക്ഷെ ദൈവം സൃഷ്ടികർത്താവാണ് എന്ന് പത്രൊസ് ഓർപ്പിച്ചു. അവൻ സൃഷ്ടിച്ചതുകൊണ്ട്, ന്യായം വിധിക്കും. എന്നാൽ ജലപ്രളയത്തിനു മുൻപും പരിഹസിച്ചതായി അപ്പൊസ്തലൻ ഓർപ്പിച്ചു. അന്ന് സംശയിച്ച ലോകത്തെ ദൈവം ന്യായം വിധിച്ചതുപോലെ, സംശയിക്കുന്ന ഇന്നത്തെ ലോകത്തെയും ദൈവം ന്യായം വിധിക്കും. അവന്റെ വരവ് സംശയിച്ചവർക്കായി പത്രൊസ് മറ്റു പരിഗണനകളും നൽകിയിരിക്കുന്നു. അപ്പൊസ്തലന്മാർ വാഗ്ദത്തം ചെയ്തതു സംഭവിക്കുക തന്നെ ചെയ്യും എന്നായിരുന്നു അപ്പൊസ്തലന്റെ ഉറപ്പ്. പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു വാഴുവാൻ പോയ കർത്താവ് വീണ്ടും വരും. അവൻ വരുമ്പോൾ നീതി നടപ്പാക്കുന്ന ഒരു ന്യായാധിപനായിരിക്കും.

**വാക്യം 8**. ദൈവത്തിന്റെ ന്യായവിധി താമസിച്ചതിനാൽ, ആനുകാലികരായവരിൽനിന്നു പ്രവാചകന്മാരും പരിഹാസത്തെ നേരിട്ടിരുന്നു. ദൈവത്തിന്റെ ന്യായവിധി ഉടൻ വരുമെന്ന് പ്രഖ്യാപിച്ച യിരെമ്യാവ്, തന്റെ വ്യക്തിപരമായ നേട്ടത്തിനാണെന്ന രീതിയിൽ അവനെ കുറ്റപ്പെടുത്തി വെറുപ്പോടെ ജനം അതിനെ തള്ളിക്കളഞ്ഞു. ആ സന്ദേശം ദൈവത്തിൽനിന്നായിരുന്നു എന്ന് പ്രവാചകന് അറിയാമായിരുന്നു, പക്ഷെ അത് താമസിക്കുന്നതിൽ പ്രവാചകനു പോലും പരിഭ്രാന്തിയുണ്ടായിരുന്നു. അവൻ ദൈവത്തോട് പരാതിപ്പെട്ടു, “അവർ എന്നോട് യഹോവയുടെ വചനം എവിടെ? അതു വരട്ടെ എന്നു പറയുന്നു. ഞാനോ ഇടയനായി നിന്നെ സേവിപ്പാൻ മടിച്ചില്ല; ദുർദ്ദിനം ഞാൻ ആഗ്രഹിച്ചതുമില്ല എന്നു നീ അറിയുന്നു; എന്റെ അധരങ്ങൾ ഉച്ചരിച്ചത് തിരുമുമ്പിൽ ഇരിക്കുന്നു” (യിരെ. 17:15, 16). കർത്താവ് എപ്പോൾ ന്യായവിധി നടത്തുമെന്ന് പത്രൊസിനെ പോലെ യിരെമ്യാവിനും അറിയില്ലായിരുന്നു, പക്ഷെ അവന്റെ ന്യായവിധി വരുമെന്ന കാര്യത്തിൽ, യാതൊരു സംശയവുമില്ലായിരുന്നു.

യിരെമ്യാവിനെ പോലെ പത്രൊസ് പരാതിപ്പെട്ടില്ല. മറിച്ച്, അവൻ തന്റെ വായനക്കാരോട് സംവദിക്കുകയായിരുന്നു. ന്യായവിധി താമസിക്കുന്നതും ലോകാവസാനവും എന്താണ് അർത്ഥമാക്കുന്നത്? അതിനർത്ഥം, എതിരാളികൾ പറയുന്നതുപോലെ “കർത്താവിന്റെ നാൾ” ഉണ്ടാകുകയില്ല എന്നാണോ? “താമസം” എന്ന വാക്ക് ആപേക്ഷികമാണെന്നാണ് പത്രൊസ് പറഞ്ഞത്. മനുഷ്യർ “താമസം” എന്നു കണക്കുകൂട്ടുന്ന സമയം ഹൃദയമിടിപ്പുകൂട്ടും, ദൈവത്തിന്റെ സമയം അനുസരിച്ച് അത് “താമസം” ആയി കണക്കാക്കാവുന്നതുമല്ല. അപ്പൊസ്തലൻ തന്റെ എതിരാളികളെ നേരിട്ടത്, **എന്നീ കാര്യം നിങ്ങൾ മറക്കരുത്** എന്നു പറഞ്ഞുകൊണ്ടാണ്. ഈ അവസരത്തിൽ, മോശെ എഴുതിയ ഏക സങ്കീർത്തന വേദഭാഗം അപ്പൊസ്തലൻ ഓർത്തിരിക്കുന്നു. “ആയിരം സംവൽസരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസം പോലെയും രാത്രിയിലെ ഒരു യാമം പോലെയും മാത്രം ഇരിക്കുന്നു” (സങ്കീ. 90:4). ഈ ചിന്തയിൽനിന്ന് പത്രൊസ് പറഞ്ഞു, **കർത്താവിന്ന് ഒരു ദിവസം ആയിരം സംവൽസരം പോലെയും, ആയിരം സംവൽസരം ഒരു ദിവസം പോലെയും ആകുന്നു**.

യിസ്രായേലിന്റെ മഹാ ദൈവം തലമുറകളെ അതിശയിപ്പിച്ചിട്ടുണ്ട്. അവൻ അബ്രഹാമിന്റേയും, ഇസഹാക്കിന്റേയും, യാക്കൊബിന്റേയും മോശെയുടേയും, ശമുവേലിന്റേയും, ദാവീദിന്റേയും യെശയ്യാവിന്റേയും നസറേത്തു

കാരൻ യേശുവിന്റേയും ദൈവം ആകുന്നു. "വർഷങ്ങളാൽ അവൻ കാലം കണക്കാക്കുന്നില്ല"[5] എന്ന് നാം ക്രിസ്തീയ ഗീതങ്ങളിൽ പാടുന്നു. ദൈവം പറഞ്ഞത് സംഭവിക്കുവാൻ താമസിക്കുന്നതായി തോന്നിയാലും, മനുഷ്യർ കണക്കാക്കുന്നതുപോലെയല്ല ദൈവം സമയം കണക്കാക്കുന്നത് എന്നത്രെ പത്രൊസ് പറഞ്ഞത്. കർത്താവിന്നു നമ്മുടെ ഒരു ദിവസം എന്നത് ആയിരം വർഷം പോലെയും, ആയിരം വർഷം എന്നു പറയുന്നത് ഒരു ദിവസം പോലെയുമാണ് എന്നത്രെ അപ്പൊസ്തലൻ വിലയിരുത്തിയത്. വളരെ പെട്ടെന്ന് തീർന്നുപോകുന്ന മാനുഷിക സമയം വെച്ച് ദൈവത്തിന്റെ പ്രവൃത്തികളെ നോക്കി കാണുവാൻ പ്രയാസമാണ്.

കർത്താവിന്നു ഒരു ദിവസം ആയിരം സംവൽസരം പോലെ ആണെന്ന് പത്രൊസ് പറഞ്ഞത് തന്റെ പോയിന്റ് വ്യക്തമാക്കുവാൻ പറഞ്ഞ പ്രസ്താവനയാണ്. അതുപോലെ തന്നെയാണ് കർത്താവിന്ന് ആയിരം വർഷം ഒരു ദിവസം പോലെ എന്നു പറഞ്ഞതും. എന്നിരുന്നാലും, പ്രാരംഭ ക്രിസ്ത്യാനികൾ യെരുശലേമിൽനിന്നും ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ട് വാഴുവാൻ പ്രതീക്ഷിച്ചിരുന്നു. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച ഐറേനിയസ് പോലെയുള്ള ചിലർ, സൃഷ്ടിയുടെ ഓരോ ദിവസവും വെച്ച് കണക്കാക്കി ലോകം ഏഴായിരം വർഷം കാത്തിരിക്കണമെന്നാണ് ഈ വേദഭാഗം പറയുന്നതെന്ന് വിശ്വസിച്ചിരുന്നു.[6] അവസാനത്തെ ആയിരം വർഷമാണ് കർത്താവ് ക്രിസ്ത്യാനികളോടുകൂടെ വാഴുന്നത് എന്നായിരുന്നു അവരുടെ പക്ഷം. ചിലിയാസം എന്നറിയപ്പെട്ടിരുന്ന ആ ഉപദേശം തലമുറകൾ കടന്നുപോയപ്പോൾ, അതിനെ അവർ പരിഷ്ക്കരിച്ചിരുന്നു. ആ സ്വാധീനത്താലായിരുന്നു അഷർ എന്ന ബിഷപ്പ് സൃഷ്ടിവ വർഷം ബി. സി. 4004 ആയി നിജപ്പെടുത്തിയിരുന്നത്, അത് അടുത്ത കാലം വരെ ബൈബിളിന്റെ മാർജിനിൽ അച്ചടിക്കയും ചെയ്തിരുന്നു. അത് ആധുനിക ആയിരമാണ്ട് വാഴ്ച്ചക്കാരെയും ഡിസ്പെൻസേഷണലിസത്തെയും സ്വാധീനിച്ചിട്ടുണ്ട്. പിന്നിടുണ്ടായ വിശ്വാസികളുടെ ഈ ഊഹാപോഹമൊന്നും പത്രൊസിനുണ്ടായിരുന്നില്ല. കർത്താവ് തന്റെ സമയത്തായിരിക്കും, വരുന്നതെന്നു മാത്രം അവൻ പറഞ്ഞു. അവൻ വരുമ്പോൾ ന്യായവിധിയും, തുടർന്നു നിത്യതയുമായിരിക്കും.

**വാക്യം 9**. അവൻ മടങ്ങി വരികയില്ല എന്നതിന്റെ തെളിവായിട്ടായിരുന്നു താമസിക്കുന്നതിനെ ദുരുപദേഷ്ടാക്കന്മാർ എടുത്തു പറഞ്ഞത്. താമസിക്കുവാനുള്ള മറ്റൊരു കാരണം അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു: **ദൈവം നിങ്ങളോട് ദീർഘക്ഷമ കാണിക്കുകയാണ്**. പുതിയനിയമ കാലയളവിനും മുമ്പും പിൻപും സംഭവിച്ചതും ന്യായവിധി താമസിച്ചതും യെഹൂദന്മാർക്കിടയിൽ ഉൽക്കണ്ഠയുളവാക്കിയിരുന്നു. വിശ്വസ്തരായവർ നിർദ്ദോഷീകരണത്തിനായി കാത്തിരുന്നു. എന്തുകൊണ്ടാണ് കർത്താവ് താമസിക്കുന്നത്? പത്രൊസ് ധൈര്യസമേതം പറഞ്ഞു, **ചിലർ വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല**. തന്റെ ഉദ്ദേശങ്ങൾ ദൈവം പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. "അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിലെത്തുവാനും ആഗ്രഹിക്കുന്നു" (1 തിമൊ. 2:4). അക്കാരണത്താലാണ് അവന്റെ ന്യായവിധി താമസിക്കുന്നത്. ദൈവത്തെ അറിയാത്തവരോടും അവനോട് മൽസരിക്കുന്നവരോടും ഒരേസമയത്ത് കർത്താവിന്റെ സാക്ഷ്യം കേട്ട്, വിശ്വസിച്ച്, മാനസാന്തരപ്പെട്ട്, അനുസരിക്കുവാനാണ് പറയുന്നത്. "മാനസാന്തരപ്പെടുവാനുള്ള അവസാന

അവസരത്തിനായിട്ടാണ് ന്യായവിധി നീട്ടി വെച്ച് ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുന്നത്."[7]

തന്റെ മരണത്തിനു മുൻപ് യേശു തന്റെ മടങ്ങി വരവിനെ കുറിച്ച് സംസാരിച്ചിരുന്നു. എന്നാൽ, ആ നാളും നാഴികയും സംബന്ധിച്ച് പിതാവിനല്ലാതെ ആർക്കും അറിയില്ല എന്നു മുന്നറിയിച്ചിരുന്നു. പോയിന്റ് അടിവരയിടുവാൻ യേശു പറഞ്ഞു, "ആ നാളും നാഴികയും സംബന്ധിച്ച് എന്റെ പിതാവ് മാത്രമല്ലാതെ, ആരും സ്വർഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല" (മത്താ. 24:36). കാലാവസാനത്തെ കുറിച്ചുള്ള തന്റെ ശിഷ്യന്മാരുടെ പ്രതീക്ഷ സംബന്ധിച്ച് യേശു അവരെ പഠിപ്പിച്ചത് വളരെ ശ്രദ്ധയോടെയായിരുന്നു. മത്തായിയുടെ സുവിശേഷം അദ്ധ്യായം 24 ന്റെ അവസാനഭാഗത്തും അദ്ധ്യായം 25 ഉടനീളവും പല ഉപമകളായി, കർത്താവിന്റെ മടങ്ങിവരവിനോടനുബന്ധിച്ചുള്ള ന്യായവിധിയെ കുറിച്ചു പറഞ്ഞിരിക്കുന്നു. അവന്റ മടങ്ങി വരവ് പെട്ടെന്നായിരിക്കും. ആളുകൾ തങ്ങളുടെ സാധാരണ ജീവിതം നയിച്ചുകൊണ്ടിരിക്കും: വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും, വയലിൽ ജോലി ചെയ്തും, തിരികല്ലിൽ പൊടിച്ചുംകൊണ്ടിരിക്കും (മത്താ. 24:37-41).

കർത്താവിന്റെ വരവും ന്യായവിധിയും ചിലർക്ക് അതിശയകരമായിരിക്കും കാരണം അവൻ താമസിച്ചു മാത്രമെ വരികയുള്ളു എന്നാണ് അവരുടെ പ്രതീക്ഷ. യജമാനൻ തന്റെ വസ്തുവകകൾ നോക്കി നടത്തുവാൻ ആക്കി വെച്ച കാര്യവിചാരകനെ പോലെയാണ് അവർ. വളരെ കാലം കഴിഞ്ഞു മാത്രമെ യജമാനൻ തിരിച്ചു വരികയുള്ളു എന്നായിരുന്നു കാര്യവിചാരകൻ വിചാരിച്ചത്; അവൻ തന്റെ കൂട്ടു ദാസന്മാരെയെല്ലാം ഉപദ്രവിക്കയും യജമാനന്റെ വസ്തുവകകൾ നാനാവിധമാക്കുകയും ചെയ്തു. അവൻ പ്രതീക്ഷിച്ചതിനേക്കാൾ പെട്ടെന്ന് യജമാനൻ വന്നു അവനെ ദണ്ഡിപ്പിച്ചു "കപടഭക്തിക്കാരോടുകൂടെ ഓഹരി കൽപിക്കും" എന്നു പറഞ്ഞു (മത്താ. 24:51).

മറ്റുള്ളവരുടെ പ്രതീക്ഷ അതിലും വ്യത്യസ്തമാണ്. അവന്റെ വരവിന്റെ താമസത്തെ കുറിച്ചു വിചാരിക്കാതെ, അവന്റെ വരവിന്റെ സമയത്തെ കുറിച്ചു കണക്കു കൂട്ടിക്കൊണ്ടിരിക്കുകയാണ്. അവരുടെ സമയവിവരപ്പട്ടിക അനുസരിച്ചു കർത്താവ് വരാതിരിക്കുമ്പോൾ, അവരുടെ വിശ്വാസം തണുത്തുപോകും. അവർ വീണ്ടും ലോകത്തിലേക്ക് തിരിച്ചുപോകും. തന്റെ മുന്നറിയിപ്പ് വ്യക്തമാക്കി കൊടുപ്പാൻ യേശു മണവാളന്റെ വരവിനായി കാത്തിരുന്ന പത്തു കന്യകമാരുടെ ഉപമ സംസാരിച്ചു. കാത്തിരുപ്പ് അവർ പ്രതീക്ഷിച്ചതിനേക്കാൾ ദൈർഘ്യമേറിയതായിരുന്നു, അതുവരെ അവർക്ക് വിശ്വാസം കാത്തുകൊൾവാൻ കഴിഞ്ഞില്ല (മത്താ. 25:1-13). ചിലർക്ക് കർത്താവിന്റെ വരവ് പ്രതീക്ഷിച്ചതിനേക്കാൾ വേഗത്തിലായിരിക്കും; മറ്റുള്ളവർക്ക് അവന്റെ വരവ് പ്രതീക്ഷിച്ചതിനേക്കാൾ താമസിച്ചായിരിക്കും. അവൻ പ്രത്യക്ഷനാകുന്നത് എപ്പോഴായാലും ഒരുങ്ങിയിരിപ്പാനായിരുന്നു കർത്താവ് തന്റെ അനുയായികളോട് പറഞ്ഞത്. ഏതെങ്കിലും വിധത്തിൽ ഊഹാപോഹങ്ങൾ പാടില്ല എന്നതായിരുന്നു അവന്റെ ഉത്തേജനത്തിന്റെ ലക്ഷ്യം.

പുതിയ നിയമത്തിൽ മറ്റേതൊരു വിഷയത്തേക്കാളധികം ശിഷ്യന്മാർ ഊഹിച്ചിട്ടുള്ളത് കർത്താവ് എപ്പോൾ വരും എന്നതിനെ കുറിച്ചായിരിക്കും. സംഭവങ്ങൾ അടുത്തിരിക്കുന്നു എന്ന നിലക്കാണ് ആളുകൾ ജീവിച്ചിരുന്നത്. അവന്റെ മടങ്ങി വരവ് നേരത്തെ ആയാലും, താമസിച്ചായാലും, വിശ്വാസികൾ ഒരുങ്ങിയിരിക്കണം. അപ്പോഴും, സങ്കൽപം നിർബാധം തുടർന്നു. വെളിപ്പാടി

ലെയോ അല്ലെങ്കിൽ യെഹെസ്ക്കേലിലേയോ, ദാനിയേലിലേയോ ദർശനങ്ങൾ കോർത്തിണക്കുവാൻ പുരാതന കാലത്തെയും ആധുനിക കാലത്തെയും ക്രിസ്തീയ വിഭാഗങ്ങൾ ശ്രമിച്ചു വരികയാണ്. വ്യവസ്ഥകൾ അനാവരണം ചെയ്യപ്പെട്ടു, സമയവിവരപ്പട്ടികകൾ വെച്ച് കണക്ക് കൂട്ടപ്പെട്ടു, അങ്ങനെ ചില ദിവസം കർത്താവ് വരുമെന്ന് ലോകം അനുമാനിച്ചു. ആളുകൾ വീടുകളുടെ മുകളിൽ വെള്ളവസ്ത്രം ധരിച്ച് ആകാശത്തിലേക്ക് നോക്കി നിന്നു. ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കടന്നു പോയി, കർത്താവ് തന്റെ ഉദ്ദേശങ്ങൾ നിവർത്തിച്ചുകൊണ്ടിരിക്കുന്നു.

കർത്താവ് വരിക തന്നെ ചെയ്യും എന്നു പത്രൊസ് പറഞ്ഞു. ക്രിസ്ത്യാനികൾ പ്രതീക്ഷയോടെ ജീവിക്കണം. വ്യത്യാസങ്ങൾ ദൈവത്തിനു മാത്രം അറിയാം. തന്റെ സൃഷ്ടിയോടുള്ള ധർമ്മോപകാര മനോഭാവം വെച്ചുകൊണ്ടാണ് ദൈവം പ്രവർത്തിക്കുന്നത്. **ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാനാണ് അവൻ ആഗ്രഹിക്കുന്നത്**. എങ്ങനെയായാലും, അവനാൽ പരിശുദ്ധി നീതീകരിക്കപ്പെടുമെന്നത് കാണാതെ പോകരുത്. അവന്റെ ക്ഷമ അവസാനിക്കുമ്പോൾ, ആളുകളുടെ പാപം നിറഞ്ഞുകവിയുമ്പോൾ, കർത്താവ് ന്യായം വിധിക്കും. “അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന്നുതക്കവണ്ണം പ്രാപിക്കേണ്ടതിന്ന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു” (2 കൊ. 5:10).

**വാക്യം 10**. എന്നാൽ എന്ന വ്യാകരണപ്രയോഗത്താൽ ക്രിയക്ക് ഊന്നൽ കൊടുത്ത് ഗ്രീക്കിൽ “വരും” (*ഹെക്സെയി*) എന്ന് പറഞ്ഞ് സംശയാലുക്കളുടെ സംശയ ദൂരീകരണം നൽകുകയാണ് ചെയ്തിരിക്കുന്നത്. പത്രൊസിന്റെ സന്ദേശം വളരെ ലളിതമാണ്: ഒരു തെറ്റും സംഭവിക്കാതെ, **കർത്താവിന്റെ നാൾ വരും**. അവൻ വർഷങ്ങൾ കഴിഞ്ഞു വന്നാലും, അല്ലെങ്കിൽ ദിവസം അവസാനിക്കുന്നതിനു മുൻപ് വന്നാലും, ന്യായവിധി തീർച്ചയാണ്. പഴയനിയമത്തിൽ വേരുള്ള വിഷയമാണ് “കർത്താവിന്റെ നാൾ.” ദൈവം യിസ്രായേലിനെ ശക്തമായി വിടുവിപ്പാനോ അല്ലെങ്കിൽ ശിക്ഷിപ്പാനോ ഇറങ്ങി വരുന്ന ദിവസമായിരുന്നു അത്.

ദൈവം തിരഞ്ഞെടുത്ത ജനത്തെ ഉപദ്രവിച്ചവർക്കും, അവനെ ഒട്ടും അനുസരിക്കാതെ ജീവിച്ചവർക്കും, “കർത്താവിന്റെ നാൾ” ഭയപ്പെടേണ്ടഭയങ്കര നാശവും ഇരുട്ടുമായിരുന്നു. അടക്കി വെച്ച ദൈവകോപം അന്നു അവൻ പുറത്തു വിടും. “യഹോവയുടെ ദിവസം സമീപിച്ചിരിക്കകൊണ്ട് മുറയിടുവിൻ; അത് സർവ്വശക്തങ്കൽനിന്നു സർവ്വനാശം പോലെ വരുന്നു” (യെശ. 13:6; സെഫ. 1:14-16). പ്രചാരത്തിലിരുന്ന ഒരു ദേശത്തെ അഭിമുഖീകരിച്ച ആമോസ് പറയുന്നു, “കർത്താവിന്റെ നാളിൽ” യഹോവയുടെ കോപം യിസ്രായേലിന്റെ ശത്രുക്കൾക്കെതിരായി തൊടുത്തു വിടും എന്ന് അരുളിച്ചെയ്തിരുന്നു. അത് ഒരു വിടുവിപ്പ് നാൾ ആയിരിക്കും. ഫലത്തിൽ, പ്രവാചകൻ പറഞ്ഞു, “ദൈവം, നിങ്ങൾക്കു ചുറ്റുമുള്ള വിഗ്രഹാരാധികളായ ദേശങ്ങളോടല്ല, നിങ്ങളോടു തന്നെ കോപിക്കുന്നു.” “ഒടുവിൽ” അവൻ പറഞ്ഞു, “യഹോവയുടെ ദിവസത്തിനായി കാത്തിരിക്കുന്ന നിങ്ങൾക്ക് അയ്യോ കഷ്ടം! യഹോവയുടെ ദിവസം കൊണ്ട് നിങ്ങൾക്ക് എന്തു ഗുണം? അതു വെളിച്ചമല്ല ഇരുട്ടത്രെ” (ആമോ. 5:18).

“കർത്താവിന്റെ നാൾ” എന്നതിന് പഴയനിയമത്തേക്കാൾ പുതിയനിയമ

ത്തിൽ കൂടുതൽ ക്രിയാത്മകമായ ആശയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തീർച്ചയായും അത് കോപവും ന്യായവിധിയുമുള്ള ദിവസമാണ്; എന്നാൽ ദൈവജനത്തിന് ആ ദിവസം നീതീകരിക്കപ്പെടുന്നതും, കർത്താവിന്റെ സന്നിധിയിൽ സമാധാനവും വിശ്രമവും ലഭിക്കും. എല്ലാറ്റിലുമുപരിയായി, "കർത്താവിന്റെ നാളിൽ" യേശു വീണ്ടും മേഘത്തിൽ ന്യായവിധിക്കായി പ്രത്യക്ഷനാകും.

ലൂക്കൊസ് 17:22-37 ൽ വിവരിക്കുന്ന യെരുശലേമിന്റെ ന്യായവിധിയും ലോകത്തിന്റെ അവസാന ന്യായവിധിയും ആളുകളിൽ തെറ്റിദ്ധാരണയുണ്ടായേക്കാം, എന്നാൽ "ദിവസം" എന്ന ആശയം വേദഭാഗത്ത് ഉടനീളം കാണാം: "അതുപോലെ മനുഷ്യപുത്രൻ തന്റെ ദിവസത്തിൽ ആകും" (ലൂക്കൊ. 17:24). "മനുഷ്യപുത്രന്റെ നാളിലും ഉണ്ടാകും" (ലൂക്കൊ. 17:26). "ആ ദിവസം" (ലൂക്കൊ. 17:31). പൗലൊസ് എഴുതി, "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളനാദത്തോടുംകൂടെ സ്വർഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും" (1 തെസ്സ. 4:16). പത്രൊസിന്റെ കാഴ്ച്ചപ്പാട് അനുസരിച്ച്, "കർത്താവിന്റെ നാൾ" എന്നത് ഭൂമിയിലെ അവസാന സമയമാണ്. ആ സമയത്ത് യേശു എല്ലാ തലമുറയിലേയും ആളുകളെ ന്യായം വിധിക്കും. ഭൂമിയും, അതിന്റേ ഇന്നത്തെ രൂപവും, ഇല്ലാതാകും. **ഭൂമിയും അതിലുള്ളതൊക്കെയും വെന്തുരുകും**.

കർത്താവും ന്യായാധിപനുമായി യേശു പെട്ടെന്ന് പ്രത്യക്ഷനാകും. പ്രത്യേക ദിവസം പ്രത്യേക നാഴികയിൽ അവൻ വരുമെന്ന മുന്നറിയിപ്പ് ഒന്നും ഇനി ഉണ്ടാകുകയില്ല. താൻ ഒരു കള്ളനെ പോലെ വരും എന്നായിരുന്നു യേശു തന്റെ ശിഷ്യന്മാരോട് മുന്നറിയിച്ചിരുന്നത് (മത്താ. 24:43). പൗലൊസും 1 തെസ്സലൊനിക്യർ 5:2 ൽ കള്ളന്റെ ഭാവന നൽകുന്നു. വെളിപ്പാടു പുസ്തകത്തിലും "കള്ളൻ" എന്ന രൂപകാലങ്കാരം തുടരുന്നു (വെളി. 3:3; 16:15). പത്രൊസും, കൂടെ, പറഞ്ഞത് കർത്താവ് **കള്ളനെ പോലെ** വരും എന്നാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ കള്ളൻ വീട്ടിനകത്ത് പ്രവേശിക്കുന്നതുപോലെ, യേശുവും യാതൊരു അറിയിപ്പും കൂടാതെയായിരിക്കും വരുന്നത്. ഏതു സമയത്തും ഒരുങ്ങിയിരുന്നാൽ മാത്രമെ കള്ളനെ തുരത്തുവാൻ കഴിയു. കർത്താവ് മടങ്ങി വരുന്നത് ഏതു സമയത്തായാലും, ദൈവ ജനം അവനെ എതിരേൽപാൻ ഒരുങ്ങിയിരിക്കണം. കർത്താവിന്റെ മടങ്ങി വരവ് എപ്പോഴായിരിക്കുമെന്നോ അല്ലെങ്കിൽ പുതിയ നിയമത്തിൽ അതിന്റെ സ്വഭാവം വിശദമാക്കുകയോ ചെയ്യുന്നില്ല പുതിയ നിയമത്തിലെ ധാർമ്മിക നിർദ്ദേശം, അവൻ വരുമെന്നത് തീർച്ചയാകയാൽ, ഏതൊരു വ്യക്തിയും മുന്നറിയിപ്പ് ഗൗരവമായിട്ടെടുത്ത്, ദൈവഭക്തിയോടെ ജീവിക്കണം.

പുതിയനിയമത്തിലെ വാക്യങ്ങളിൽ കാണുന്ന വൈവിധ്യങ്ങളിൽ പ്രയാസം നേരിടുന്ന ഒന്നാണ് വാക്യം 10 ന്റെ അവസാന ഭാഗം. **ഭൂമിയും അതിലുള്ളതൊക്കെയും വെന്തുപോകും** (*കടാകയേസെടായി*). മറ്റു തർജ്ജമകളിൽ കാണുന്നത്, "ഭൂമിയും അതിലുള്ള പണികളൊക്കെയും വെന്തുപോകും" എന്നാണ് (*ഹീരേതെസെടായി*). വേദഭാഗത്തിലെ തെളിവ് തുല്യമായി വിഭജിക്കപ്പെട്ടിരിക്കുന്നു. എൻഎഎസ്ബിയിലും കെജെവിയിലും വായിക്കുന്നത് "വെന്തു പോകും" എന്നാണ്. ന്യു വേൾഡ് ട്രാൻസിലേഷനിൽ "കണ്ടെത്തപ്പെടും" എന്നാണ് (അതായത്, "കണ്ടു"). ചിലരുടെ ഉപദേശത്തെ സൂക്ഷി

ക്കുവാനായി, രക്ഷിക്കപ്പെട്ടവർ മിക്കപേരും, ഭാവിയിൽ, രൂപമാറ്റം സംഭവിച്ച ഭൂമിയിൽ ജീവിക്കും എന്നു പറയുന്നു.

"വെന്തുപോകും" എന്നോ അല്ലെങ്കിൽ "കണ്ടെത്തും" എന്നോ വായിച്ചാലും പത്രൊസ് ഉപയോഗിച്ച പ്രത്യേക വാക്കിന്റെ അർത്ഥത്തിലെ ലേശ വ്യത്യാസം സന്ദർഭം അനുസരിച്ച് വായനക്കാരൻ മനസിലാക്കണം. ആകാശം ഒഴിഞ്ഞുപോകയും മൂലപദാർത്ഥങ്ങൾ വെന്തുരുകുകയും ചെയ്യും. വായന "കണ്ടെത്തും" എന്നെടുത്താൽ, അതും സന്ദർഭമനുസിരിച്ച് വേണം അർത്ഥം മനസിലാക്കുവാൻ. എൻഐവി സന്ദർഭം നോക്കി തർജ്ജമ ചെയ്തിരിക്കുന്നത്, "ഭൂമിയും അതിലുള്ളതൊക്കെയും ശുന്യമാക്കപ്പെടും." ശരിയായ വായന "കണ്ടു" എന്നാണെങ്കിൽ, പത്രൊസ് അർത്ഥമാക്കിയത്, "കണ്ടെത്തും," "ശൂന്യമാക്കും," അല്ലെങ്കിൽ "അനാവരണമാക്കും," അപ്പൊസ്തലന്റെ അർത്ഥം വളരെ വ്യക്തമാണ്. കർത്താവ് മടങ്ങി വരുമ്പൾ, ഭൂമിയും അതിലുള്ളതൊക്കെയും നശിപ്പിക്കപ്പെടും.

## കർത്താവിന്റെ നാൾ സമീപിച്ചിരിക്കുന്നു എന്നറിഞ്ഞ് വിശുദ്ധമായി ജീവിക്കൽ (3:11-13)

**11ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവ ദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ട് 12നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം. 13എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ട് കാത്തിരിക്കുന്നു.**

മനുഷ്യന്റെ ആകാംക്ഷക്ക് തൃപ്തി വരുത്തുവാനാണ് കർത്താവ് മടങ്ങി വരുന്നത് എന്നല്ല പത്രൊസ് പറഞ്ഞത്. കർത്താവ് എപ്പോൾ വരുമെന്നതിനെ കുറിച്ചുള്ള ഊഹം പ്രസക്തമല്ല. കർത്താവ് മടങ്ങി വരുന്ന സമയവും ആ സാഹചര്യത്തിൽ എന്തെല്ലാം സംഭവിക്കുമെന്നോ പൂർണ്ണമായി മനസിലാക്കുവാൻ സാധ്യമല്ല. അവൻ വരുമ്പോൾ, എന്തു ചെയ്യുമെന്നോ എങ്ങനെ ചെയ്യുമെന്നോ അവന്റെ ജനം അറിയേണ്ട ആവശ്യമില്ല. ദൈവം എങ്ങനെ ലോകം അവസാനിപ്പിക്കും എന്നറിയുന്നതിനേക്കാൾ, പത്രൊസ് അന്തർലീനമാക്കിയിരിക്കുന്നതിനെ ശ്രദ്ധിച്ചാൽ മതിയാകും. ഈ ലോകം ദൈവത്തിന്റെ ശക്തിയുള്ള നാശത്തിനും ന്യായവിധിക്കുമായി വെച്ചിരിക്കയാൽ, യേശു വീണ്ടും വന്ന് ന്യായവിധി നടത്തുകയും, ഭൂമിയെ നശിപ്പിക്കയും ചെയ്യുവാനിരിക്കയാൽ ക്രിസ്ത്യാനികൾ അതനുസരിച്ച് വേണം ജീവിക്കുവാൻ. കർത്താവ് വരുമെന്ന കാഴ്ച്ചപ്പാടിൽ ജീവിച്ചാൽ ജീവിതം വ്യത്യസ്തമാകും. വിശ്വാസികൾ അവന്റെ വരവിനായി ആകാംക്ഷയോടെ കാത്തിരിക്കുന്നു എങ്കിൽ എത്ര വിശുദ്ധിയും നല്ലതുമായ ജീവിതം നയിക്കും. പിൻ വരുന്ന വാക്യങ്ങളിലെ പോയിന്റ് അതാണ് വ്യക്തമാക്കുന്നത്.

**വാക്യം 11. ഇവയൊക്കെയും അഴിവാനുള്ളതായിരിക്കയാൽ** എന്ന കാരണത്താലാണ് **എത്ര വിശുദ്ധജീവനവും ഭക്തിയുമുള്ളവർ ആയിരിക്കണം** എന്ന് അപ്പൊസ്തലൻ ചോദിക്കുന്നത്. ഉചിതമായ വെല്ലുവിളിയാണ് എല്ലാവർക്കുമുള്ളത്, ക്രിസ്ത്യാനികളായാലും അല്ലെങ്കിലും. ഭൂമിയിലെ വാസം,

താൽക്കാലികം എന്നു തിരിച്ചറിയുവാൻ വലിയ ബുദ്ധി ഒന്നും വേണമെന്നില്ല. ഒരാൾ എത്ര തന്നെ പണം സമ്പാദിച്ചാലും, അതെല്ലാം വിട്ടുപോകും. ഒരാൾ എന്തെല്ലാം പണിതാലും, അതെല്ലാം പഴകി പരാജയപ്പെടും. ദൈവത്തിൽ വിശ്വാസമില്ലെങ്കിൽ പോലും, ജീവിതം അവസാനിക്കുകയില്ല എന്നു കരുതി യാൽ തന്നെ അതു മൗഢ്യമാകും. അവിശ്വാസിക്ക്, ദുഃഖമുള്ള, പ്രത്യാശാരഹി തമായ ഉടുമ്പിനെ അല്ലെങ്കിൽ അരണയെ പോലെ ആണെന്ന് കരുതും. ഒരാൾ എത്ര ഭോഗേഛയും സുഖലോലുപതയും ആസ്വദിച്ചാലും മരിക്കും. അതിൽനി ന്നു വ്യത്യസ്തമായി ബൈബിളിലെ സ്ഥിരമായ സന്ദേശം അനുസരിച്ച് മനു ഷ്യർ ദൈവത്തിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ടതുകൊണ്ട്, അവർ ദൈവ ത്തോട് ഉത്തരവാദിത്തമുള്ളവരാണ്. ഈ പ്രപഞ്ചം ദൈവ സൃഷ്ടിയായതിനാ ൽ, അതിന്റെ അന്ത്യം നിർണ്ണയിക്കുവാൻ ദൈവത്തിനു കഴിയും.

അവസാന സമയത്തെ കുറിച്ചു ദൈവം വെളിപ്പെടുത്തിയിരിക്കുന്നത് നമ്മുടെ ആകാംക്ഷ തൃപ്തിപ്പെടുത്തുവാനല്ല; അത് നാം ദൈവഭക്തിയോടെ ജീവിക്കുവാൻ നമ്മെ പ്രചോദിപ്പിക്കുകയാണ്. ദൈവ സ്വഭാവത്തിൽ മനഷ്യർ ജീവിക്കേണ്ടതിനാണ്, ദൈവത്തെ കുറിച്ചുള്ള യാഥാർത്ഥ്യവും ദൈവത്തിന്റെ വെളിപ്പാട് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതും. നമ്മുടെ ജീവിതത്തിന് ആവശ്യമായ രണ്ടു മുഖ്യ കാര്യങ്ങൾ ശ്രദ്ധിക്കണം. മനസോ, ഉദ്ദേശമോ, ദിശയോ ഇല്ലാത്ത പ്രപഞ്ചത്തിലേക്ക് മനുഷ്യർ യാദൃശ്ചികമായിട്ടാണ് പിറന്നു വീഴുന്നത്. അങ്ങനെ വരുമ്പോൾ, പല്ലും നഖവുമാണ് സദാചാര നിയമമായി തീരുന്നത്. ഏറ്റവും വലിയ ഗദയുള്ളവനാണ് ശരി.

ദൈവം നിലനിൽക്കുന്നു എന്നതാണ് മറ്റൊരു സദാചാര വ്യവസ്ഥ. പ്രപഞ്ചഘടനക്കായി ആവശ്യമുള്ള ഒരു "നീതി" ആ വ്യവസ്ഥ പ്രഖ്യാപിക്കുന്നു. അവക്ക് അനുയോജ്യമായ നടത്തിപ്പ് ജീവിതത്തിന്റെ തത്വമായി നൽകപ്പെ ട്ടിരിക്കുന്നു. "നന്മക്കും കൃപക്കുമായി ദൈവജനത്തിന്റെ പ്രതികരണത്തിനാ യി നൽകിയ പ്രതികരണത്തെ"[8] കുറിച്ച് റോബർട്ട് ഡേവിഡ്സൺ നന്നായി പറഞ്ഞിരിക്കുന്നു:

> ആളുകളിൽനിന്ന് ചില രീതിയിലുള്ള ജീവിത രീതിയും അനുസരണവും പ്രതീക്ഷിക്കുന്നു എന്നത് പരമപ്രധാനമായ കാര്യമാണ്, കാരണം ദൈവത്തെ കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്നു. മറ്റൊരു വാക്കിൽ പ റഞ്ഞാൽ, വെളിപ്പെടുത്തിയിരിക്കുന്ന ദൈവസ്വഭാവത്തോട് ഉറ്റ ബന്ധം പുലർത്തുവാനാണ് സദാചാരതത്വം നൽകിയിരിക്കുന്നത്.[9]

ക്രിസ്തീയ ജീവിതത്തിന്റെ സ്ഥിരമായ ലക്ഷ്യം ആണ് **വിശുദ്ധ ജീവനവും ഭക്തിയും**. "ജീവനം" (*അനസ്ട്രോഫേ*) സ്വയം-തിരഞ്ഞെടുക്കുന്ന ജീവിത തത്വത്തെയാണ് സൂചിപ്പിക്കുന്നത്. ദൈവം ജീവിതത്തിനായി നൽകിയിട്ടുള്ള തത്വങ്ങൾ മാത്രമാണ് പത്രൊസിന് വിലയുള്ളത്. "വിശുദ്ധ ജീവനം" എന്നത് ദൈവത്തിനു മഹത്വം കൊടുക്കുന്ന പെരുമാറ്റമാണ്. പത്രൊസ് ഉപയോഗിച്ച "ഭക്തി" (*യൂസേകെയിയാ*) വിശ്വാസ ജീവിതത്തിലുള്ള ഭയാനകത്വവും, അതി ശയവും-തിങ്ങിയ സ്വഭാവമാണ്. ഈ സന്ദർഭത്തിൽ, പ്രത്യേകിച്ച് ജീവിത ക്രമ ത്തെയും പ്രപഞ്ചത്തിലുള്ള അവന്റെ പരമാധികാരത്തെയുമാണ് പറയുന്നത്.

**വാക്യം 12. ദൈവ ദിവസം** വരുന്നതിനെ കുറിച്ച് കൃത്യസമയം കണക്ക് കൂട്ടുന്നവർക്ക് മറ്റുകാര്യങ്ങളിൽ താൽപര്യമില്ല എന്നു കാണിക്കുന്നു. സമ

യത്തെ കുറിച്ച് ഭയപ്പെടുന്നതിനു പകരം, ക്രിസ്ത്യാനികൾ ആ ദിവസത്തിനായി **താൽപര്യത്തോടെ കാത്തിരിക്കുയാണ്** വേണ്ടത്. ക്രിസ്ത്യാനികൾ തങ്ങളുടെ മനസുകളിൽ ആ ദിവസം ഉന്മേഷത്തോടെ സൂക്ഷിക്കുവാനാണ് പത്രൊസ് ആഗ്രഹിച്ചത്. അവർ അതിനെ കുറിച്ച് ധ്യാനിക്കുകയും അതിന്റെ അർത്ഥം മനസിലാക്കി തങ്ങളുടെ ജീവിതം ക്രമപ്പെടുത്തുകയും വേണം. സങ്കീർത്തനങ്ങളിലും പ്രവാചകപുസ്തകങ്ങളിലും ബുദ്ധിയുള്ളവർ യഹോവയുടെ ദിവസത്തിനായി കാത്തിരുന്നതായി കാണാം. അവൻ താൻ ഇച്ഛിക്കുന്നതുപോലെ, തന്റെ സമയത്ത് പ്രവർത്തിക്കുമെന്ന് അവർക്ക് അറിയാമായിരുന്നു. ഈ ലോകത്തെ ദുഷ്ടതക്കും അനീതിക്കും ഒരു അവസാനം ഉണ്ടാകും എന്ന് അവർ വിശ്വസിച്ചിരുന്നു. “ഞാൻ യഹോവക്കായി കാത്തിരിക്കുന്നു; എന്റെ ഉള്ളം കാത്തിരിക്കുന്നു; അവന്റെ വചനത്തിൽ ഞാൻ പ്രത്യാശ വെച്ചിരിക്കുന്നു. ഉഷസിന്നായി കാത്തിരിക്കുന്നവരേക്കാൾ, ഉഷസിന്നായി കാത്തിരിക്കുന്നവരേക്കാൾ, എന്റെ ഉള്ളം യഹോവക്കായി കാത്തിരിക്കുന്നു” (സങ്കീ. 130:5, 6).

ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാനായി അവൻ ഇച്ഛിച്ചു ദീർഘക്ഷമ കാണിക്കുന്നതുകൊണ്ടാണ് കർത്താവ് വരുവാൻ താമസിക്കുന്നത് എന്ന് പത്രൊസ് മുൻപ് പറഞ്ഞു (3:9). മാനസാന്തരപ്പെട്ട് ദൈവ ഭക്തിയോടെ ജീവിച്ച് ക്രിസ്ത്യാനികൾക്കും ലോകത്തിനും “ദൈവ ദിവസത്തിനായി” ഒരുങ്ങുവാൻ കഴിയും. മനുഷ്യരുടെ പെരുമാറ്റത്തോട് ദൈവം പ്രതികരിക്കുമെന്നത് സ്പഷ്ടമാണ്. മനുഷ്യ സ്വാതന്ത്ര്യത്തോടുള്ള ദൈവത്തിന്റെ കാലനിർണ്ണയപ്രകാരമുള്ള പ്രതികരണമാണ് ന്യായവിധി എന്നു പറയാം. കർത്താവ് മടങ്ങി വന്ന്, ന്യായം വിധിക്കുമ്പോൾ, ലോകത്തിന്റെ ആത്മീയമായ അവസ്ഥ നിർണ്ണയിക്കപ്പെടുകയാണ്. ക്രിസ്ത്യാനികൾക്ക് ഒരുങ്ങുവാനും, ലോകത്തിനു മാനസാന്തരപ്പെടുവാനും മതിയായ സമയം കൊടുത്തുകഴിയുമ്പോൾ, കർത്താവ് വരും എന്നാണ് പത്രൊസ് അന്തർലീനമാക്കിയത്. ഈ രീതിയിലാണ് വിശ്വാസികൾക്ക് “അവന്റെ വരവിനായി കാത്തിരുന്നു” ബന്ധപ്പെട്ട് ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയുന്നത്.

സാധാരണ ഉപയോഗിക്കുന്ന “കർത്താവിന്റെ ദിവസം” എന്നതിനു പകരം പത്രൊസ് “ദൈവ ദിവസം” എന്നു പറഞ്ഞത് അപ്രതീക്ഷിതമാണ്. എന്നാൽ അതിന്റെ അർത്ഥത്തിൽ വ്യത്യാസം ഒന്നും പറയുന്നില്ല. വാക്കുകൾ മാത്രമെ മാറിയിട്ടുള്ളു. അക്കാരണത്താൽ നാം കൂടുതൽ ശ്രദ്ധിക്കണം. “വരുന്നു” എന്ന വാക്ക് (*പരൗസിയ*) യേശു വിഷയമാകുമ്പോൾ പറയുന്നതാണ്. “വരുവാനുള്ള ദൈവ ദിവസം” എന്നു പറയുന്നതും 3:4 ലെ “അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം” എന്നതും ഒന്നു തന്നെയാണ്.

സൈദ്ധാന്തികമായി, പല രീതിയിൽ ഭൂമി അവസാനിച്ചേക്കാം. ഒരു വലിയ ഗ്രഹം ഭൂമിയുമായി കൂട്ടിയിടിച്ച് എല്ലാ ജീവികളും നശിച്ചേക്കാം. അണുവായുധങ്ങളുടെ ശേഖരത്തിൽനിന്നു അഗ്നിബാധ നിമിത്തം കൂട്ടക്കൊല സംഭവിച്ചേക്കാം. രോഗത്താലും, കാലാവസ്ഥാ വ്യതിയാനത്താലും, മറ്റു “പ്രകൃതി” സംബന്ധമായ കാരണങ്ങളാലും മനുഷ്യരുടെ കാലം അവസാനിച്ചേക്കാം. മനസുമായി ബന്ധമില്ലാത്ത വിധിയാൽ ലോകം അവസാനിക്കുയില്ല എന്നാണ് പത്രൊസ് വ്യക്തമാക്കിയത്. വ്യക്തിപരമായ ന്യായവിധിയുടെ സമയത്താണ് ലോകം അവസാനിക്കുന്നത്. മനുഷ്യരുടെ കാലം അവസാനിക്കുമ്പോൾ അവസാനം വരുത്തുന്നത് ദൈവമാണ്.

“ദൈവ ദിവസം” വരുമെന്നതിനാൽ, **ആകാശം ഒഴിഞ്ഞു പോകുകയും**

**മൂലപദാർത്ഥങ്ങൾ വെന്തുരുകുകയും ചെയ്യും.** 3:7 ലെ "ആകാശവും ഭൂമിയും" എന്നത് ഇവിടെ "ആകാശവും" "മൂലപദാർത്ഥങ്ങളും" എന്നു പറയുന്നതും ഒന്നു തന്നെയാണ്. ഒരാൾ പാപത്തെ നിസാരമായി കാണരുത് എന്നാണ് പത്രൊസ് അന്തർലീനമാക്കിയത്. ഒരാൾ എങ്ങനെ ജീവിക്കുന്നു എന്നത് ഗൗരവമുള്ള കാര്യമാണ്. ദൈവം സ്നേഹമുള്ള പിതാവാണ്; അതേ സമയത്ത് അവൻ "ദഹിപ്പിക്കുന്ന അഗ്നിയുമാണ്" (ആവ. 4:24; എബ്രാ. 12:29). അനീതി, അക്രമം, എതിർപ്പ്, അല്ലെങ്കിൽ ലോകത്തിലെ ഏതു ദുഷ്ടതയായാലും, അവൻ കണ്ടിട്ട് കണ്ണടച്ചുകളയുകയില്ല.

**വാക്യം 13.** യെശയ്യാവ് മുഖാന്തരം, ദൈവം വാഗ്ദത്തം ചെയ്തു, "ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു; മുമ്പിലത്തവ ആരും ഓർക്കുകയില്ല; ആരുടേയും മനസിൽ വരികയുമില്ല" (യെശ. 65:17). യിസ്രായേലിന്റെ പുനർനിർമ്മാണത്തെ കുറിച്ചായിരുന്നു പ്രവാചകൻ പറഞ്ഞത്. രക്ഷിക്കപ്പെടുന്നവർക്കുള്ള നിത്യജീവനെ കുറിച്ചു പറയുവാൻ പത്രൊസ് യെശയ്യാവിൽനിന്നുള്ള ഉദ്ധരണിയാണ് ഉപയോഗിച്ചത്. **അവന്റെ വാഗ്ദത്തം അനുസരിച്ചായിരിക്കും പുതിയ ആകാശവും പുതിയ ഭൂമിയും** എന്ന് അപ്പൊസ്തലന് പറയുവാൻ കഴിഞ്ഞു. പത്രൊസ് പറഞ്ഞ വാഗ്ദത്തം ഒരുപക്ഷെ, യെശയ്യാവിലേതായിരിക്കാം. യേശു ശിഷ്യന്മാർക്ക് നൽകിയ അറിയപ്പെടാത്ത വാഗ്ദത്തമാകുവാനും സാധ്യതയുണ്ട്. പകരം, പരിശുദ്ധാത്മാവ് ആയിരിക്കും പത്രൊസിന് പുതിയ ആകാശവും പുതിയ ഭൂമിയും എന്ന വാഗ്ദത്തം വെളിപ്പെടുത്തി കൊടുത്തത്.

അന്തമില്ലാതെ ഊഹിക്കപ്പെട്ട വിഷയമാണ് പുതിയ ആകാശവും പുതിയ ഭൂമിയും. മുൻപ് യെശയ്യാവ്, ചെന്നായും, ആടും, പുള്ളിപ്പുലിയും കിടാവും ഒരുമിച്ച് സമാധാനത്തിൽ കഴിയുന്ന സുചിത്രിതമായ രംഗം കാണിക്കുകയുണ്ടായി (യെശ. 11:6). ഇത് പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും അക്ഷരികമായി എടുക്കാമോ? പത്മൊസിൽ പ്രവാസത്തിലായിരുന്ന യോഹന്നാൻ എഴുതി, "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനിയില്ല" (വെളി. 21:1).

അപ്പൊസ്തലൻ സംസാരിക്കുന്നത് എന്താണ്? ഇപ്പോൾ മനുഷ്യർ വസിക്കുന്ന ഗ്രഹം പോലെ ആയിരിക്കുമോ പുതിയ ഭൂമി? അതോ ദൈവജനത്തിന് നിത്യമായി വസിപ്പാൻ തക്കവണ്ണം ഭൂമിക്ക് പുതുക്കം വരുത്തുമോ? അല്ലായിരിക്കാം. എങ്ങനെയായാലും, വെളിപ്പാടിൽ പറഞ്ഞിരിക്കുന്ന "സ്വർഗത്തിൽനിന്നും ഇറങ്ങിവരുന്ന പുതിയ യെരുശലേം" ശ്രദ്ധിക്കത്തക്ക പ്രാധാന്യം ഉള്ളതാണ് (വെളി. 21:2). വീണ്ടെടുക്കപ്പെടുന്നവരുടെ വാസ സ്ഥാനമായ പുതിയ യെരുശലേം സഭയിലേക്കാണ് ഇറങ്ങി വരുന്നതെന്നു തോന്നുന്നു. എങ്കിലും, ആ പോയിന്റ് തീർച്ചയില്ല, വെളിപ്പാട് അക്ഷരികമായി വ്യാഖ്യാനിക്കുന്നത് വളരെ ശ്രദ്ധിക്കണം.

ഇപ്പോഴത്തെ ലോകം അവസാനിച്ചിട്ടാണ് ഇനിയുള്ള ലോകം വരുന്നത് എന്ന് പത്രൊസ് മുൻപ് തന്നെ പറഞ്ഞിരുന്നു. "ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും." അവൻ എഴുതി, "മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഇരിക്കുന്നു" (3:10). എങ്കിലും, പഴയതും പുതിയതും ആയ ലോകം തുടരുമെന്നാണോ അപ്പൊസ്തലൻ പറയുന്നത്? ഭൂമിയെ-പോലെ നിലനിൽക്കുന്ന ഒന്നാണോ സ്വർഗം? പാപമോ, ഇപ്പോഴുള്ള കഷ്ടതയോ, വേദന

യോ കൂടാതെയുള്ള ഒന്നായിരിക്കുമോ? അതിന് സാധ്യതയുണ്ട്, പക്ഷെ പത്രൊസ് അന്തർലീനമാക്കിയത് അതായിരിക്കയില്ല. നിത്യതക്കായി അവനോടുകൂടെ വസിക്കുന്നവർക്ക് മാത്രമായിരിക്കാം ഒരുപക്ഷെ ദൈവം നന്മകൾ ഒരുക്കിയിരിക്കുന്നത്. രക്ഷിക്കപ്പെട്ടവർ എവിടെയോ ആയിരിക്കും എന്നു സൂചിപ്പിക്കുന്നതാകാം "പുതിയ ആകാശവും പുതിയ ഭൂമിയും." ചിരിയും വെളിച്ചവും ഇല്ലാത്ത കുഴപ്പമുള്ള ഒരു തണലായിരിക്കുകയില്ല നിത്യത. ദൈവം ആവശ്യമുള്ളത് നൽകുന്നു. പത്രൊസ് നൽകുന്ന നിത്യജീവന്റെ ഉറപ്പ് കൂടുതലായി ഊഹിക്കേണ്ട ആവശ്യമില്ല.

## ഉൽസാഹത്തിനായി വിളിച്ചിരിക്കുന്നു (3:14-16)

**14അതുകൊണ്ട് പ്രിയമുള്ളവരേ, നിങ്ങൾ ഇവെക്കായി കാത്തിരിക്കയാൽ അവൻ നിങ്ങളെ കറയും കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാൺമാൻ ഉൽസാഹത്തോടെ നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ. 15അങ്ങനെ തന്നെ നമ്മുടെ പ്രിയ സഹോദരനായ പൗലൊസും തനിക്ക് ലഭിച്ച ജ്ഞാനത്തിനു തക്കവണ്ണം നിങ്ങൾക്കും 16ഇതിനെ കുറിച്ചു സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതിയിട്ടുണ്ടല്ലൊ. അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ളത് ചിലതുണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെ പോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു.**

അവൻ ലേഖനം അവസാനിപ്പിക്കുമ്പോൾ, ദൈവ ഭക്തിയിൽ ഉൽസാഹം കാണിപ്പാനാണ് തന്റെ ക്രിസ്തീയ സ്നേഹിതന്മാരോട് ആവശ്യപ്പെടുന്നത്. ക്രിസ്തുവിനെ ഏറ്റു പറയുന്നത് ഒന്ന്; വിശ്വസ്തമായി ജീവിക്കുന്നത് മറ്റൊന്ന്. തന്റെ വായനക്കാരുടെ ആത്മിയ വളർച്ചയിൽ അപ്പൊസ്തലൻ വിചാരപ്പെട്ടത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, ഭോഗേഛ നിരാകരിച്ചവർക്ക് പോലും അത് ആകർഷണീയമായി തോന്നിയേക്കാം. സ്വ-ഭോഗേഛയിൽ ഉൾപ്പെട്ട ദുരുപദേഷ്ടാക്കന്മാർക്ക് ആ അപേക്ഷ പ്രതിരോധിക്കുവാൻ പ്രയാസം നേരിടും, കാരണം അവർ അതിനെ ആത്മിയതയോടുകൂടെ കാണുന്നു. ജഡിക പ്രവൃത്തികളെ ദൈവത്തോടുള്ള ബന്ധത്തിൽ ഉപേക്ഷിച്ചവരായിരുന്നു പത്രൊസിന്റെ വായനക്കാർ. അത്തരം പരിശീലനം അവരെ ദൈവത്തിൽനിന്നകറ്റും എന്നായിരുന്നു പത്രൊസ് പറഞ്ഞത്.

ഏറ്റുപറഞ്ഞവരുടെ സമൂഹമാണ് സഭ. പൊതുവിശ്വാസത്തിലായി ബന്ധിക്കപ്പെട്ടവരാണ് ക്രിസ്തീയ സംഘം. വിശ്വാസം അരക്ക് കെട്ടിയവരാണ് അവർ. ദുരുപദേഷ്ടാക്കന്മാർ ക്രിസ്ത്യാനികളുടെ വിശ്വാസത്തെ ഇളക്കുന്നു എന്നതായിരുന്നു പത്രൊസിന്റെ രണ്ടാമത്തെ ഉൽക്കണ്ഠ. ഉപദേശം പെരുമാറ്റത്തിൽനിന്ന് വേർതിരിക്കാവുന്നതല്ല. "രക്ഷക്കായി കർത്താവായ യേശു വീണ്ടും വരും" എന്നതാണ് നിലനിൽക്കുന്ന ക്രിസ്തീയ ഉപദേശം (എബ്രാ. 9:28). ഒരിക്കൽ ജഡത്തിൽ വന്ന യേശു വീണ്ടും ന്യായവിധിക്കായി വരും എന്നതിന്റെ അടിസ്ഥാനത്തിലാണ് ദൈവം നമ്മിൽനിന്നും വിശുദ്ധ ജീവിതം ആവശ്യപ്പെടുന്നത്. പത്രൊസ് തന്റെ ലേഖനം അവസാനിപ്പിക്കുമ്പോൾ, ആ ചിന്തയാണ് തന്റെ വായനക്കാരിൽ അവൻ കൊടുക്കുന്നത്.

**വാക്യം 14.** തന്റെ **പ്രിയപ്പെട്ടവർ** എന്നു സംബോധന ചെയ്തുകൊണ്ട്

അപ്പൊസ്തലൻ തന്റെ സഹവിശ്വാസികളോടുള്ള സ്നേഹം പ്രകടമാക്കുക യാണ്. ഈ അദ്ധ്യായത്തിൽ ആ വാക്ക് അവൻ നാല് പ്രാവശ്യം ഉപയോ ഗിച്ചിട്ടുണ്ട് (3:1, 8, 14, 17). അവൻ അന്തർലീനമാക്കിയ പ്രബോധനത്തിൽ ആരോപണമല്ല മറിച്ച് സ്നേഹമാണ് ഉള്ളത് എന്ന് ഒരാൾ സംശയിച്ചേക്കാം. **കറയും കളങ്കവും** ഇല്ലാത്തവരായി ജീവിക്കുവാൻ അവരെ കുറ്റപ്പെടുത്തേണ്ട ആവശ്യമില്ലായിരുന്നു. അവൻ അവരുടെ മനസിനെ ഓർപ്പിച്ചുണർത്തുവാനാ യിരുന്നു ശ്രമിച്ചത് (3:1). തങ്ങളുടെ കർത്താവിനെ അനുകരിച്ചുകൊണ്ടാണ് ക്രിസ്ത്യാനികൾ ജീവിക്കേണ്ടത്. 1 പത്രൊസ് 1:19–ൽ, ആദ്യം യേശുവിന്റെ രക്തത്തെ കുറിച്ചു പറഞ്ഞു, പിന്നെ കർത്താവിനെ "നിർദ്ദോഷവും നിഷ്ക്ക ളങ്കവുമായ കുഞ്ഞാട് ആയി പറഞ്ഞിരിക്കുന്നു" (*അമോമൗ കായി ആസ്പി ലൗ*), വിശുദ്ധ ജീവിതത്തിനായി അപേക്ഷിക്കുമ്പോഴും ആ വാക്ക് ഉപയോ ഗിച്ചിരിക്കുന്നു.[10] യേശുവിന്റെ നാമം എടുത്തവർ ഭക്തിയുള്ള ജീവിതത്തിന് പ്രചോദനം ഉൾക്കൊള്ളുന്നത് അവന്റെ മാതൃകയിൽനിന്നാണ്.

ക്രിസ്തീയ സ്വഭാവത്തിൽനിന്ന് ഒഴിഞ്ഞുമാറുവാൻ ആകാത്ത പെരുമാറ്റ മാണ് ക്രിസ്തീയ വേദശാസ്ത്രത്തിൽ കെട്ടപ്പെട്ടിരിക്കുന്നത്. യേശു ക്രിസ്തു ആണെന്നും, ദൈവികമായ അവതാരമാണെന്നും, ഉറപ്പിക്കുന്ന മനുഷ്യ ജീവി തമാണ് പ്രാധാന്യമുള്ളത്. പത്രൊസിന്റേതിൽനിന്നും ഒട്ടും വ്യത്യാസമുള്ള വാക്കുകളായിരുന്നില്ല മോശെ യിസ്രായേലിന്ന് നൽകിയത്. "ആകയാൽ മീതെ സ്വർഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നെ ദൈവം, മറ്റൊരുത്ത നുമില്ല" എന്നു "നീ ഇന്നു അറിഞ്ഞു മനസിൽ വെച്ചുകൊൾക" (ആവ. 4:39).

പത്രൊസിനും മോശെക്കും മനുഷ്യ ചരിത്രം എന്നു പറയുന്നത് ചക്ര ത്തിന്മേൽ കറങ്ങുന്ന പ്രപഞ്ചം പോലെയല്ല, യാദൃശ്ചിക സംഭവങ്ങളോ വിധി കൽപിതങ്ങളോ അല്ലായിരുന്നു. വ്യക്തികളുടെ ധാർമ്മികത കാര്യമുള്ളതാണ്. കാരണം മനുഷ്യർക്കായി സ്വർഗത്തിനും ഭൂമിക്കും നാഥനായവൻ, "നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും" സൃഷ്ടിക്കുകയാണ്. **നി ങ്ങൾ ഇവക്കായി കാത്തിരിക്കയാലാണ്** വിശുദ്ധ ജീവിതം ഫലപ്രദമാകുന്ന ത്. ക്രിസ്തീയ ഉപദേശത്തിന്റെ ആവശ്യമായ ഘടനയാണ് എസ്ക്കാറ്റോളജി. ചരിത്രവും കാലവും പരിപൂർണ്ണതയിലേക്കാണ് നീങ്ങുന്നത്. യേശുവിനെ ക്രിസ്തു എന്നു ഏറ്റു പറയുന്ന ആരും ധാർമ്മികതയെ നിസാരമായി കാണുക യില്ല. അക്കാരണത്താൽ പത്രൊസ് പറഞ്ഞു, **സമാധാനത്തോടെ കാൺമാൻ ഉൽസാഹിപ്പിൻ**.

"സമാധാനത്തിൽ" എന്ന പ്രയോഗം യാദൃശ്ചികമായി വന്നതല്ല. ഈ ചെറിയ ലേഖനത്തിൽ, ഇവിടെ മാത്രമാണ് ആ വാക്ക് ഉപയോഗിച്ചത്. കർത്താവ് വരു മ്പോൾ, പത്രൊസും തന്റെ വായനക്കാരും പാപത്തിന്റെ കുറ്റത്തിൽനിന്നും സ്വതന്ത്രമാകുമെന്ന് പ്രത്യാശിച്ചിരുന്നു. "സമാധാനത്തിൽ ആകുക" എന്നാൽ "രക്ഷിക്കപ്പെടുക" എന്നാണ് അർത്ഥം, എന്നാൽ അതിലും അധികം അതിൽ ഉൾപ്പെട്ടിരിക്കുന്നു. ദൈവത്തോടുള്ള സമാധാനം എന്നു പറയുന്നത് സഹോ ദരീ–സഹോദരന്മാരോ–ടുള്ള സമാധാനം ആണ്. ക്രിസ്തുവിൽ ആകുമ്പോൾ ഒരാൾ സഭയിലെ സമാധാനം എന്ന അനുഗ്രഹം തിരിച്ചറിയുകയാണ്. രാജ്യ മാകുന്ന സഭയിൽ പുതിയ ആകാശത്തിലേയും പുതിയ ഭുമിയിലേയും സമാ ധാനത്തിനായി കാത്തിരിക്കുകേയും ചെയ്യുന്നു.

**വാക്യം 15**. തന്റെ കാലത്തും ഇഷ്ടത്തിനനുസരിച്ചും പ്രവർത്തിക്കുമെന്ന് പറഞ്ഞ കാര്യങ്ങൾ ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് പോലും മനസിലാക്കു

ന്നത് എളുപ്പമല്ല. ദുരുപദേഷ്ടാക്കന്മാർ അതിൽനിന്നു മുതലെടുക്കുവാൻ ശ്രമിച്ചു. "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ?" എന്നായിരുന്നു അവർ ചോദിച്ചത് (3:4). അപ്പൊസ്തൊലിക സന്ദേശം തെറ്റായിരുന്നു എന്നാണ് ദുരുപദേഷ്ടാക്കന്മാർ പറഞ്ഞത്. വരവ് എന്നു പറയുന്നതൊന്നുമില്ല, ചുരുങ്ങിയത് അക്ഷരികമായ വരവില്ല. എന്നാൽ പത്രൊസിന്റെ വിശദീകരണം വ്യത്യസ്തമായിരുന്നു. കർത്താവ് വരുവാൻ താമസിക്കുകയാണെങ്കിൽ, "ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു" (3:9). പിന്നെയാണ് അവൻ വാക്യം 14 ലെ ചിന്ത നൽകിയത്. കർത്താവ് മടങ്ങി വരാത്ത ഓരോ ദിവസവും ക്രിസ്ത്യാനികൾ ദൈവത്തോട് നന്ദിയുള്ളവരായി നോക്കി പാർത്തിരിക്കണം എന്നും പറഞ്ഞു. ന്യായവിധിയും നിത്യതയും നീണ്ടുപോയാലും അവർ അതിനായി കാത്തിരിക്കണം. അവൻ താമസിക്കുന്നത് അവന്റെ ദീർഘക്ഷമയെയാണ് കാണിക്കുന്നത്. കർത്താവിന്റെ **ദീർഘക്ഷമയാണ് രക്ഷ എന്ന് വിശ്വാസികൾ കണക്കാക്കണം**. അതിനർത്ഥം, വളരെയധികം പേർക്ക് മാനസാന്തരപ്പെടുവാനായിട്ടുള്ളതാണ് "രക്ഷ." "അവന്റെ പ്രത്യക്ഷത" തിരിച്ചറിയുമ്പോൾ, "രക്ഷയുടെ" വാതിൽ അടക്കും.

ഈ സന്ദർഭത്തിൽ, പൗലൊസ് എഴുതിയ ലേഖനത്തെ കുറിച്ച് പത്രൊസ് പറഞ്ഞു. പൗലൊസ് ലേഖനങ്ങൾ എഴുതിയതായി, പൗലൊസ് പറഞ്ഞതു കൂടാതെ പുതിയ നിയമത്തിൽ, പൗലൊസ് ലേഖനങ്ങൾ എഴുതിയിരിക്കുന്നതായി ഇവിടെ മാത്രമാണ് പറഞ്ഞിരിക്കുന്നത്. പ്രവൃത്തികളുടെ പുസ്തകത്തിൽ അത്തരം സൂചനകൾ ഇല്ല എന്നത് ശ്രദ്ധേയമാണ്. സഭാ ചരിത്രത്തിൽ മുൻപന്തിയിൽ നിൽക്കുന്നു എങ്കിലും പൗലൊസിന്റെ ലേഖനങ്ങളെ കുറിച്ച് ലൂക്കൊസ് പറയാതിരുന്നത് ഊഹിക്കുവാൻ തന്നെ പ്രയാസമാണ്. അതിന്റെ കാരണം എന്തായാലും, പുതിയ നിയമത്തിൽ പൗലൊസിന്റെ ലേഖനങ്ങളെ കുറിച്ച് പൗലൊസിന്റെ ലേഖനങ്ങളൊഴിച്ച്, ഇവിടെ, 2 പത്രൊസിന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു.

ഇവിടെ പോലും, പത്രൊസിന്റെ മുഖ്യ ചിന്തയിൽ പൗലൊസിന്റെ ലേഖനങ്ങൾ കടന്നു വരുന്നത് യാദൃശ്ചികമായാണ്. പൗലൊസിന്റെ ലേഖനങ്ങളെ ദുരുപദേഷ്ടാക്കന്മാർ കോട്ടി മറിച്ചു കളഞ്ഞതുകൊണ്ടാണ് പത്രൊസ് പൗലൊസിന്റെ ലേഖനങ്ങളെ കുറിച്ച് പരാമർശിക്കുവാൻ കാരണം. താനും പൗലൊസും ഒരേ സന്ദേശമാണ് നൽകിയതെന്ന് പത്രൊസ് അവരെ ബോധ്യമാക്കുകയായിരുന്നു. കാനോനെ കുറിച്ചുള്ള ചോദ്യങ്ങൾക്കുള്ള മറുപടിയായിരുന്നു പത്രൊസിന്റെ വാക്കുകൾ, എന്നാൽ അത് പത്രൊസിന്റെ മുഖ്യ തത്വങ്ങളെ കുറിച്ചുള്ള വിചാരത്തിലേക്ക് യാദൃശ്ചികമായി കടന്നു വന്നതാണ്.

പത്രൊസ് പൗലൊസിന്റെ ലേഖനങ്ങളെ കുറിച്ചു പറയുവാൻ ഒരു കാരണം ഉണ്ട്: അവയിൽ പത്രൊസ് ക്രിസ്ത്യാനികൾക്ക് നൽകിയ ഉപദേശം അടങ്ങിയിരിക്കുന്നു, ഉദാഹരണമായി, അവയിൽ "കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ." എന്ന പത്രൊസ് പഠിപ്പിച്ച അതേ സന്ദേശം തന്നെ, **പൗലൊസും തനിക്ക് ലഭിച്ച ജ്ഞാനത്താൽ** നൽകിയിരിക്കുന്നു. സഭയുടെ ഈ രണ്ടു തൂണുകൾക്കും തമ്മിൽ യാതൊരു വ്യത്യാസമോ വൈപരീത്യമോ ഉള്ളതായി ഒരു സൂചനയുമില്ല.

തന്റെ പോയിന്റ് സമർത്ഥിക്കുവാൻ പത്രൊസ് പറഞ്ഞത് പൗലൊസിന്റെ ലേഖനങ്ങളിൽ എവിടെയായിരിക്കും ഉള്ളതെന്ന് വായനക്കാർ ഒരുപക്ഷെ

അതിശയിക്കുന്നുണ്ടാകാം. അത് എളുപ്പമുള്ള ചോദ്യമല്ല. 2 പത്രൊസിന്റെ ലേഖനം 60 കളുടെ-മദ്ധ്യത്തിൽ എഴുതിയെങ്കിൽ, അപ്പോഴേക്ക് പൗലൊസിന്റെ ലേഖനങ്ങളിൽ മിക്കവയും എഴുതിയിരിക്കണം. എങ്ങനെയായാലും, അവയിൽ ഏതായിരുന്നു പത്രൊസിനും അവന്റെ വായനക്കാർക്കും പരിചയമുണ്ടായിരുന്നത് എന്ന് നമുക്ക് അറിയില്ല. റോമർക്ക് എഴുതിയ ലേഖനം ആയിരിക്കുവാൻ സാധ്യതയുണ്ട്, അവിടെ പത്രൊസ് പറയുന്നതിനു സമാനമായ ഒരു പ്രസ്താവന പൗലൊസ് നൽകിയിരിക്കുന്നു: "അല്ലാ, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു എന്നറിയാതെ, നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷമ എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?" (റോമ. 2:4).

*മുഖവുരയിൽ* പറഞ്ഞതുപോലെ, 2 പത്രൊസ് 40 കളുടെ അവസാനം എഴുതിയെങ്കിൽ, പൗലൊസ് എഴുതിയതും പുതിയ നിയമത്തിൽ ചേർത്തിട്ടില്ലാത്തതുമായ ലേഖനങ്ങളെ കുറിച്ചായിരിക്കാം പത്രൊസ് പറഞ്ഞത്. അത് അങ്ങനെയാണെങ്കിൽ, പൗലൊസിന്റെ ലേഖനങ്ങളിലെ പ്രസ്താവനകളെ പത്രൊസ് പറഞ്ഞിരിക്കുന്നത് കണ്ടെത്തുക അസാധ്യമായിരിക്കും.

**വാക്യം 16.** ഇത്രത്തോളം തീർച്ചയുള്ളതാണ്: പത്രൊസിനും അവന്റെ വായനക്കാർക്കും അറിയാവുന്ന പൗലൊസിന്റെ ലേഖനങ്ങൾ ഉണ്ടായിരുന്നു. പൗലൊസ് സഖ്യതയിലായിരുന്നതായി പത്രൊസിനു പറയുവാൻ കഴിഞ്ഞു. പത്രൊസ് സംബോധന ചെയ്ത സഭകൾക്ക് **ഇതിനെ കുറിച്ച്** പൗലൊസ് എഴുതിയ **സകല ലേഖനത്തിലും** എന്നാണ് പറഞ്ഞത്. സഭകളെ സ്വാധീനിച്ച ദുരുപദേഷ്ടാക്കന്മാരെ പത്രൊസും പൗലൊസും യോജിച്ചാണ് നേരിട്ടത്. പ്രത്യേകിച്ച് കർത്താവിന്റെ മടങ്ങിവരവിനെ കുറിച്ചുള്ള പ്രശ്നത്തിൽ അവർ യോജിച്ച് നേരിട്ടു. മാനസാന്തരപ്പെടുവാനിരിക്കുന്നവർക്ക് താമസം എന്നു പറയുന്നത് "രക്ഷക്കുള്ളതാണ്."

ദുരുപദേഷ്ടാക്കന്മാർ, തങ്ങൾക്ക് അമിതമായ ജ്ഞാനമുണ്ടെന്ന് അവകാശപ്പെട്ടിരുന്നു എങ്കിലും, അവർ **അറിവില്ലാത്തവരും അസ്ഥിരന്മാരും** ആയിരുന്നു. അവർ **ശേഷം തിരുവെഴുത്തുകളെ പോലെ**, പൗലൊസിന്റെ ലേഖനങ്ങളിലെ **മനസിലാക്കുവാൻ പ്രയാസമേറിയവയെ** എടുത്ത് **കോട്ടിമറിച്ചു.** "മനസിലാക്കുവാൻ പ്രയാസമുള്ള" (*ഡുസ്നോയെറ്റോസ്*) എന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്നത് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ്. പുതിയ നിയമത്തിനു പുറത്തുപോലും ആ വാക്ക് അപൂർവ്വമായിട്ടാണ് വരുന്നത്. എന്നാൽ രണ്ടാം-നൂറ്റാണ്ടിലെ പ്രസിദ്ധീകരണമായ *ഷെഫേർഡ് ഓഫ് ഹെമാസ്* എന്ന പുസിതകത്തിൽ ലേഖകന്മാർക്ക് മനസിലാക്കുവാൻ പ്രയാസമുള്ള ദർശനങ്ങളെ കുറിച്ച് പറയുന്നുണ്ട്.[11] തീർച്ചയായും, പത്രൊസ് എഴുതിയത് ദർശനങ്ങളെ കുറിച്ചായിരുന്നില്ല. എന്നാൽ പൗലൊസിന്റെ ലേഖനങ്ങളിൽ ചിലത് മനസിലാക്കുവാൻ കഴിയാത്തതും വളച്ചൊടിക്കലിന് ഏശുന്നതുമായിരുന്നു. "ശേഷം തിരുവെഴുത്തുകളെ പോലെ" പൗലൊസിന്റെ ലേഖനങ്ങളിലെ മനസിലാക്കുവാൻ പ്രയാസമുള്ള കാര്യങ്ങൾ എന്നു പറഞ്ഞിരിക്കുന്നത് വ്യക്തമല്ലാത്ത ഭാഷ തന്നെയാണ്.

സൈദ്ധാന്തികമായി, ദൈവത്തിന് തന്റെ സൃഷ്ടികളുമായി ഭാഷയല്ലാത്ത മാദ്ധ്യമത്തിൽ കൂടെ സംസാരിക്കുവാൻ കഴിയുമായിരുന്നു. തന്റെ സന്ദേശം മനുഷ്യമനസിലേക്ക് നേരിട്ട് നൽകാമായിരുന്നു. നമ്മിൽ നിന്ന് ഒഴിഞ്ഞുമാറാനാകാത്ത വിധത്തിൽ അവൻ ആരാണെന്നും, തന്റെ ജനത്തിൽനിന്നു അവൻ എന്തു പ്രതീക്ഷിക്കുന്നു എന്നും, ക്രിസ്തുവിന്റെ പ്രാധാന്യം, അതുപോലെ

യുള്ള നിരവധി കാര്യങ്ങൾ വെളിപ്പെടുത്താമായിരുന്നു. ആ രീതിയിൽ തന്നെ വെളിപ്പെടുത്താതെ, അവൻ തന്റെ ആളുകളോട് ആശയവിനിമയം നടത്തുവാൻ തിരഞ്ഞെടുത്തത് ഭാഷയാണ്. മാദ്ധ്യമം ഭാഷയാകുമ്പോൾ, അത് തെറ്റിദ്ധരിക്കുവാൻ സാധ്യതയുണ്ട്, തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യും. അതിനു പുറമെ അതിനോട് ചായുന്നവർ അതിനെ കോട്ടി മറിക്കുകയും ചെയ്യും.

ഭാഷയാകുമ്പോൾ, ചിലർ സത്യം അറിയുവാനുള്ള താൽപര്യം വിട്ടുകളയുവാൻ സാധ്യതയുണ്ട്. ക്രിസ്തീയ വിശ്വാസം ഏറ്റു പറയുന്നതിന്റെ സ്വഭാവം അവർക്ക് അസുഖകരമായ തത്വമായേക്കാം. ഉറപ്പിച്ചു പറയലോടുകൂടിയാണ് ക്രിസ്ത്യാനിത്വം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നത്. ദൈവം സൃഷ്ടികർത്താവാണ്. യേശുക്രിസ്തു മശിഹയാണ്. നമ്മുടെ സ്ഥാനത്ത് യേശു ക്രൂശിൽ മരിച്ചു. രക്ഷയുടെ ഉറവിടം അവനാണ്. അവൻ വീണ്ടും വരും. ഭാഷ സ്പഷ്ടമല്ലെങ്കിലും, അത് പ്രത്യാശയില്ലാത്ത വിധം അസ്പഷ്ടമല്ല. കൂടാതെ, “മനസിലാക്കുവാൻ പ്രയാസമുള്ളത്”, അങ്ങനെ തള്ളിക്കളയാവുന്നതല്ല. പത്രൊസിന്റെ വാക്കുകൾ, വളഞ്ഞ വഴിയിൽ വിശ്വാസികളോട് വിദ്യാർത്ഥികളാകുവാൻ ആവശ്യപ്പെടുകയാണ്. വിശ്വസ്തരായ ക്രിസ്ത്യാനികൾ പോലും “മനസിലാക്കുവാൻ പ്രയാസമുള്ള തിരുവെഴുത്തുകളെ” “അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ” ഫലത്തിൽ **തങ്ങളുടെ നാശത്തിനായി** “കോട്ടിക്കളയുന്നു.”

ദുരുപദേഷ്ടാക്കന്മാർ “ശേഷം തിരുവെഴുത്തുകളെ പോലെ” പൗലൊസിന്റെ ലേഖനങ്ങളിലെ ചിലത് “കോട്ടിക്കളയും” എന്നു പത്രൊസ് പറഞ്ഞ പ്രസ്താവന ചില പ്രധാന ചോദ്യങ്ങൾ ഉയർത്തുന്നു. “തിരുവെഴുത്ത്” എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഗ്രാഫേ*) ജാതിയമാണ്; അതായത് ഏത് എഴുത്തിനേയും സൂചിപ്പിച്ച് പറയാം. കാലം കഴിഞ്ഞപ്പോൾ, അത് ഒരു സാങ്കേതിക വാക്കായി മാറി. തങ്ങളുടെ പുരാതന രേഖകളിൽ ചിലത് അമാനുഷമാണെന്ന് ആദ്യം യെഹൂദന്മാരും പിന്നെ ക്രിസ്ത്യാനികളും വിശ്വസിച്ചിരുന്നു. ദൈവം ചില മനുഷ്യരെ തിരഞ്ഞെടുത്ത് ദൈവ വചനം അവർ മുഖേന എഴുതിക്കുകയായിരുന്നു, ആ എഴുത്തുകാരെ നാം ദൈവശ്വാസിയർ എന്നു വിളിക്കുന്നു. ശ്വാസിയത എന്നു പറഞ്ഞാൽ, പരിശുദ്ധാത്മാവിന്റെ ശക്തി വാക്കുകൾ എഴുതുവാൻ അവരെ ശക്തീകരിച്ചു അവരിൽ കൂടെ ദൈവികഫലം പുറപ്പെടുവിക്കുന്ന വചനം നൽകി. ശ്വാസിയമായ എഴുത്തുകളെ പിന്നീട്, “തിരുവെഴുത്തുകൾ,” അല്ലെങ്കിൽ “തിരുവചനം” എന്ന് അറിയപ്പെടുവാൻ തുടങ്ങി. ദൈവഭക്തിയുള്ളവർ അവയെ പ്രത്യേക അർത്ഥമുള്ള ഉയർന്ന നിലവാരമുള്ളതായി കാണുകയും, അവ മാനുഷ കൈകളാൽ എഴുതപ്പെട്ടു എങ്കിലും, വാക്കുകൾ ദൈവത്തിന്റേതായി കരുതുകയും ചെയ്യുന്നു.

ഇന്ന് ക്രിസ്ത്യാനികൾ ആ വാക്കിനെ കരുതുന്നതിനേക്കാൾ പുതിയ നിയമം പ്രാബല്യത്തിൽ വന്ന സമയത്ത് “തിരുവെഴുത്തുകൾ” കൂടുതൽ അർത്ഥവത്തായി മനസിലാക്കിയിരുന്നു. പള്ളികളിൽ അല്ലെങ്കിൽ സഭകളിൽ സഭായോഗങ്ങളിൽ വായിക്കത്തക്കവണ്ണമാണ് “തിരുവെഴുത്തുകൾ” എഴുതപ്പെട്ടിരിക്കുന്നത്. “തിരുവെഴുത്ത്” എന്നതിൽ ഏതെല്ലാം പുസ്തകങ്ങൾ ഉൾപ്പെടുന്നു, ഏതെല്ലാം ഉൾപ്പെടുന്നില്ല എന്നത് തീർച്ചയില്ല. എങ്ങനെയായാലും, എഴുതപ്പെട്ടിരിക്കുന്നതിൽ ഏതെല്ലാം ദൈവശ്വാസിയം എന്നു നിർണ്ണയിക്കുന്നത് പ്രശ്നമാണ്. ഫലത്തിൽ, പുരാതന എഴുത്തുകളെ “തിരുവെഴുത്തുകൾ” ആയി തീരുമാനിച്ചത് ആർ? ഏതെല്ലാം പുസ്തകങ്ങളാണ് ശ്വാസിയമായത്? സർവ്വസ

മ്മതത്തിന് വർഷങ്ങൾ എടുത്തു. ദൈവം തന്റെ അരുളപ്പാടുകൾ എഴുതുവാൻ തിരഞ്ഞെടുത്ത അതേ ആളുകളെ തന്നെ ഉപയോഗിച്ചാണ് എത്ര പുസ്തക ങ്ങൾ ദൈവശ്വാസിയമായി ഉണ്ടാകണം എന്നു നിർണ്ണയിച്ചതും. അങ്ങനെ തീരുമാനിച്ച പുസ്തകങ്ങൾ ദൈവ കരുണയാൽ, ദൈവശ്വാസിയമായി ഉറ പ്പിക്കുകയും, "കാനോൻ" എന്നു വിളിക്കുകയും ചെയ്തു.

യേശുവിന്റെ കാലത്ത്, എബ്രായരുടെ ബൈബിൾ കാനോൻ ഉറപ്പിച്ചു കഴിഞ്ഞതായി തോന്നുന്നു (ലൂക്കൊ. 24:44). എണ്ണി വ്യത്യസ്തമായിട്ടാണ് ഏർപ്പെടുത്തിയതെങ്കിലും, അവ നമ്മുടെ ബൈബിളിലെ പഴയനിയമപുസ്ത കങ്ങളായ മുപ്പത്തി-യൊമ്പതു പുസ്തകങ്ങൾക്ക് തുല്യമായിരുന്നു. അതിൽനി ന്നു വ്യത്യസ്തമായി, ആ സമയത്ത് പുതിയനിയമത്തിന്റെ എഴുത്തു നടപടി കൾ നടക്കുന്നതേ ഉള്ളു. പത്രൊസ് പൗലൊസിന്റെ എഴുത്തുകളോടൊപ്പം "ശേഷം തിരുവെഴുത്തുകൾ" എന്നു പറഞ്ഞത് ഒരുപക്ഷെ പഴയനിയമം ആയിരിക്കാം. അവൻ സൂചിപ്പിച്ചത് മറ്റു അപ്പൊസ്തലന്മാരുടെ പുസ്തകങ്ങളെ ഉദ്ദേശിച്ചാണോ എന്നു തീർച്ചയില്ല.

പൗലൊസിന്റെ എഴുത്തുകൾ ദൈവശ്വാസിയമായിരുന്നു എന്നാണ് പ ത്രൊസ് അന്തർലീനമാക്കിയത്. സഭക്ക് അവ ആധികാരികമാണ്. പത്രൊസ് മരിച്ച് ഒന്നോ രണ്ടോ നൂറ്റാണ്ടുകൾക്കു ശേഷം, പത്രൊസിന്റെ രണ്ട് ലേഖ നങ്ങളും പൗലൊസിന്റെ പതിമൂന്നു ലേഖനങ്ങളുമടക്കം ഒരുകൂട്ടം പുസ്ത കങ്ങളെ ദൈവം സഭയിൽ പ്രവർത്തിച്ച്, കാനോനിക്കൽ പുസ്തകങ്ങളായി ഉറപ്പിച്ചു. സഭ എന്തു വിശ്വസിക്കണമെന്നും, എങ്ങനെ ജീവിക്കണമെന്നും, എന്തായിരിക്കണമെന്നും അറിയുവാൻ അതാണ് നോക്കേണ്ടത്. കുറെ കഴി ഞ്ഞപ്പോൾ, ആ ഇരുപത്തി-യേഴു പുസ്തകങ്ങളെ പുതിയ നിയമം എന്നു വിളിക്കുവാൻ തുടങ്ങി. പഴയതും പുതിയതും അടങ്ങുന്ന അറുപത്തി-യാറു പുസ്തകങ്ങളെ ആധുനിക സഭ ശരിയായ കാരണത്താലാണ് "തിരുവെഴുത്ത്" എന്നു വിളിക്കുന്നത്.

## പ്രായോഗികത

### കർത്താവിന്റെ നാളിനായി ബദ്ധപ്പെട്ടിരിക്കൽ (3:1–16)

ബൈബിളിനെ താഴെ പറഞ്ഞിരിക്കുന്നവയായി ചുരുക്കി വിവരിച്ചിരി ക്കുന്നു: (1) പഴയനിയമത്തിലെ വിഷയം "ആരോ ഒരാൾ വരുന്നു." (2) നാല് സുവിശേഷങ്ങളിലെ വിഷയം "ആരോ ഇവിടെ വന്നിരിക്കുന്നു." (3) പുതിയ നിയമത്തിലെ ശേഷം വിഷയം "ഒരാൾ വീണ്ടും വരുന്നു." പത്രൊസ് തന്റെ രണ്ടാം ലേഖനത്തിൽ സംബോധന ചെയ്തവർ ഒരു ദശാബ്ദമോ അതിലധി കമോ ആയി ക്രിസ്ത്യാനികളായിട്ട് കർത്താവ് മടങ്ങി വരുവാനിരിക്കുന്നു എന്ന് അവർക്ക് മനസിലായിരുന്നു. വർഷങ്ങൾ കടന്നു പോയി, ജീവിതം അങ്ങനെ തുടരുന്നു. അവർ കേട്ടത് സത്യമാണെന്ന് തീർച്ചയാക്കുവാൻ പ റഞ്ഞുകൊണ്ടായിരുന്നു പത്രൊസ് ലേഖനം അവസാനിപ്പിക്കുന്നത്: കർത്താവ് മടങ്ങി വരും. അവർ താഴെ കൊടുത്തിരിക്കുന്ന തത്വം മനസിലാക്കുവാനായി പത്രൊസ് ആഗ്രഹിച്ചു:

(1) *കർത്താവ് നിയമിച്ചിരിക്കുന്നതുപോലെ ലോകം അതിന്റെ അന്ത്യത്തി ലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്നു വിശ്വസിക്കുന്നവരെ പരിഹസിക്കുന്ന സംശയാലുക്കൾ എക്കാലവും ഉണ്ടായിട്ടുണ്ട്.* ഈ ലോകം എവിടേക്കോ നീ

ങ്ങിക്കൊണ്ടിരിക്കുന്നു എന്നു ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു, പക്ഷെ അ-വിശ്വാസികളും ലൗകിക മനുഷ്യരും അത് വിശ്വസിക്കുന്നില്ല എന്നതാണ് വ്യത്യാസം. ലോകം അന്ത്യത്തിലേക്കും എല്ലാവരും ന്യായവിധിനാളിൽ കണക്കുകൊടുക്കുവാൻ ദൈവമുൻപാകെ നിൽക്കുവാനുമായി നീങ്ങിക്കൊണ്ടിരിക്കുന്നു (2 കൊ. 5:10). അ-വിശ്വാസികളുടെ വിശ്വാസം അവർക്ക് പ്രകൃതിയിൽ കാണുവാൻ കഴിയുന്ന ഭൗതികത മാത്രമെയുള്ളു എന്നാണ്. എല്ലാം സംഭവിക്കുന്നതാണ്. ലോകം ഒന്നുകിൽ വലിയ ശബ്ദത്തോടെ അല്ലെങ്കിൽ മൃദുവായ ശബ്ദത്തോടെ അവസാനിച്ചേക്കാം; എന്നാൽ അങ്ങനെ സംഭവിക്കുമ്പോൾ, അതോടെ എല്ലാം അവസാനിക്കും. അവിശ്വാസികൾക്ക്, മനുഷ്യജീവിതവും ഭൗതിക ലോകവും പ്രപഞ്ചസംബന്ധിയായ യാദൃശ്ചിക സംഭവങ്ങളാണ്. അതിന് ഒരു രൂപകൽപനയോ പദ്ധതിയോ ഇല്ല. അവർക്ക്, പൗലൊസ് പറഞ്ഞതുപോലെ, "തിന്നുക കുടിക്കുക, നാളെ [അവർ] ചാകുമല്ലൊ" (1 കൊ. 15:32). അതിന്, ഒരു കുഴപ്പവുമില്ല. ക്രിസ്ത്യാനികൾക്ക് "അന്ധവിശ്വാസം" അല്ല ഉള്ളത്, സംശയാലുക്കൾക്ക് വിശ്വാസം ഇല്ല. അ-വിശ്വാസികൾ അവരുടെ സംശയവുമായിട്ടാണ് നിത്യതയിലേക്ക് പോകുന്നത്. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്നു എന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. തന്നെയുമല്ല, ദൈവം യേശുവിൽ ഒരു വീണ്ടെടുപ്പുകാരനായി അവതരിച്ചിരിക്കുന്നു എന്നു വിശ്വസിക്കുവാൻ അവർക്ക് മതിയായ കാരണങ്ങൾ ഉണ്ട്. പരിഹസിക്കുന്ന സംശയാലുക്കൾ എല്ലായ്പോഴും ഉണ്ടായിട്ടുണ്ട്. അത് തന്റെ വായനക്കാർക്ക് പ്രതീക്ഷിക്കാമെന്ന് പത്രൊസ് പറഞ്ഞു. പരിഹാസികൾ പരിഹസിച്ചാലും, യേശു ഉയർത്തെഴുന്നേറ്റതിനും പിതാവിന്റെ വലത്തുഭാഗത്തിരുന്ന് വാഴുന്നു എന്നതിന് മാറ്റം സംഭവിക്കുകയില്ല. കർത്താവ് വീണ്ടും വരുമെന്ന വാഗ്ദാനത്തിനും മാറ്റം സംഭവിക്കുകയില്ല.

(2) *ദൈവത്തിന് ക്ഷമയും, ദീർഘ-ക്ഷമയുമുള്ളതിനാൽ, അവസാനം തന്റെ വാഗ്ദാനങ്ങളെല്ലാം നിറവേറ്റും.* ജലപ്രളയ കാലം ഓർക്കുവാൻ പത്രൊസ് ക്രിസ്ത്യാനികളോട് ആവശ്യപ്പെട്ടു. ഈ രണ്ട് ചെറിയ ലേഖനങ്ങളിൽ അപ്പൊസ്തലൻ മൂന്നു പ്രാവശ്യം നോഹയുടെ സംഭവം ഓർപ്പിച്ചു (1 പത്രൊ. 3:20; 2 പത്രൊ. 2:5; 3:5, 6). ഈ ഓരോ സംഭവത്തിലും, ലോകത്തിന്റെ പാപത്തിന് കണക്ക് കൊടുക്കണമെന്നാണ് പത്രൊസ് ഓർപ്പിക്കുന്നത്. അവസാന സംഭവത്തിൽ (3:5, 6), അപ്പൊസ്തലൻ തന്റെ വായനക്കാരോട് പറഞ്ഞത്, ദൈവം ഒരു ദിവസം ന്യായവിധി പ്രഖ്യാപിച്ചിട്ട്, അത് അങ്ങനെ ഇരിക്കട്ടെ എന്നു കണക്കാക്കുകയില്ല എന്നാണ്. നോഹ ലോകത്തെ കുറ്റം വിധിക്കുകയും "നീതിക്ക് അവകാശിയാകുകയും ചെയ്തു" (എബ്രാ. 11:7). ലോകം അത് ശ്രദ്ധിക്കുവാൻ പോയില്ല. വർഷങ്ങൾ കഴിഞ്ഞപ്പോൾ, ദൈവം പ്രഖ്യാപിച്ച ന്യായവിധി നടപ്പാക്കി.

പത്രൊസിന് വേറെ നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിപ്പാൻ കഴിയുമായിരുന്നു. ദൈവം ദേശത്തെ ന്യായംവിധിക്കുമെന്ന് യെഹൂദ്യയോടും യെരുശലേമിനോടും യിരെമ്യാ പ്രവാചകൻ മുന്നറിയിച്ചിരുന്നു. കുറച്ചുപേർ ശ്രദ്ധിച്ചു. ആളുകൾക്ക് മാനസാന്തരപ്പെടുവാൻ ധാരാളം അവസരം കൊടുത്തിരുന്നു. അവർ മാനസാന്തരപ്പെടുന്നതിനു പകരം പ്രവാചകനെ പരിഹസിക്കുകയായിരുന്നു ചെയ്തത്. നിരാശയിലായ യിരെമ്യാവ് വിട്ടുകളഞ്ഞേക്കാം എന്നു വരെ ചിന്തിച്ചു (യിരെ. 20:7). അവസാനം ദൈവം ജനത്തെ ന്യായം വിധിച്ചു. യെരുശലേമിനെ നശിപ്പിച്ചു; ആളുകളെ കൊല്ലുകയോ പ്രവാസിക

ളായി പിടിച്ചുകൊണ്ടുപോകയോ ചെയ്തു. ദൈവം ആളുകളോട് ക്ഷമയോടുകൂടെയാണ് ഇടപെടുന്നത്, എങ്കിലും അവന്റെ വാഗ്ദാനങ്ങൾ അവസാനം തീർച്ചയായും നിറവേറ്റും.

(3) *ദൈവത്തിന്റെ ന്യായവിധിയിൽ, മനുഷ്യരുടെ എല്ലാ പ്രതാപവും മഹത്വവും വീണുപോകും.* അവിശ്വാസികൾക്ക് പലപ്പോഴും ഈ അസാധാരണ അസ്ഥിരതയാണ് ഉള്ളത്: ഒന്ന്, മനുഷ്യ ജീവിതം എന്നത് ജീവശാസ്ത്ര പരിണാമ ചക്രമായി അവസാനിക്കുന്നു എന്നാണ് അവർ കരുതുന്നത്. മനുഷ്യനാകുക എന്നാൽ ക്രിക്കറ്റുപോലെയോ അല്ലെങ്കിൽ മനുഷ്യക്കുരങ്ങ് പോലെയോ ആണ്. മനുഷ്യന്റെ മരണം അവർക്ക് താത്വികമായി വയലിലെ ഒരു എലി ചാകുന്നതുപോലെയാണ്. മനുഷ്യവർഗം എന്നത് ഗ്രഹത്തിലെ ഒരു രോഗമോ അല്ലെങ്കിൽ പരിതസ്ഥിതി നാശം നിമിത്തമോ സകല ജീവജാലങ്ങളും ഇല്ലാതാകുന്നതുപോലെ ഇല്ലാതാകും.

അ-വിശ്വാസികൾ പറയുന്നത് ശരിയാണെങ്കിൽ, അവർ എങ്ങനെയാണ് ഈ തീർപ്പിൽ എത്തുന്നത് എന്നു മനസിലാക്കുവാൻ കഴിയും. മനുഷ്യ ജീവിതം ഒന്നുമല്ല എന്നു പറയുന്ന അവിശ്വാസികൾ തന്നെ ജീവിതം എല്ലാം ആക്കുവാൻ ശ്രമിക്കുകയാണ്. ആളുകൾ നിർമ്മിക്കുന്ന ഗോപുരങ്ങൾകാണുന്നത് ആകാശത്തിലേക്ക് നോക്കി (ഉല്. 11:4) അവരുടെ നേട്ടങ്ങളിൽ അഭിമാനം കൊള്ളുകയാണ്. അവർ പറയുന്നു, "ആകാശത്തിലെ പാരച്ചുട്ടുകൾ, ഓയിൽ ടാങ്കുകൾ, നമ്മുടെ ആകാശപേടകങ്ങൾ, നമ്മുടെ വലിയ പൈപ്പുലൈനുകളും, റോഡുകളും പാലങ്ങളും നോക്കുക. നമുക്ക് കൈവരിക്കുവാൻ കഴിയാത്ത നേട്ടങ്ങൾ ഒന്നുമില്ല."

മനുഷ്യർ അവരുടേതായ ദൈവങ്ങളെ ഉണ്ടാക്കുകയാണ്. മനുഷ്യപ്രയത്നങ്ങളിൽ അഭിമാനം കൊള്ളുന്നവർ, ആളുകൾക്ക് ചെയ്യുവാൻ കഴിയാതിരുന്ന കാര്യങ്ങളെ ഓർക്കുന്നത് നന്നായിരിക്കും. മനുഷ്യർ അന്യോന്യം കൊല്ലുന്നത് നിർത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. യുദ്ധങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു, തെരുവുകളിൽ വെറുപ്പ് പുകഞ്ഞുകൊണ്ടിരിക്കുന്നു, വീടുകളിലെ മക്കൾ മയക്കു മരുന്നിനു കീഴ്പ്പെട്ടുകൊണ്ടിരിക്കുന്നു. ഭർത്താവിനും ഭാര്യക്കും ഒരുമിച്ചു ജീവിക്കുവാനുള്ള വിഭവങ്ങൾ കണ്ടെത്തുവാൻ കഴിയാതെ വരുന്നു. പിന്നെ തോൽപ്പിക്കൽ എന്ന യാഥാർത്ഥ്യം ഒരിക്കലും അവസാനിക്കാതെ തുടരുന്നു: പഴയ ഒരു ഗാനത്തിലെ വാക്കുകൾ ശ്രദ്ധിക്കുക, "നാം ഓരോരുത്തരായി താഴ്വരയിലേക്ക് ഇറങ്ങുകയാണ്."[12] മനുഷ്യർക്ക് ഒന്നും ചെയ്യുവാൻ കഴിയാത്ത വിധത്തിൽ, ഇന്നും മരണം തുടരുന്നു. പത്രൊസിന്റെ മുന്നറിയിപ്പ് ഒരിക്കലും അവഗണിക്കാവുന്നതല്ല. ആകാശവും ഭൂമിയും മനുഷ്യന്റെ സർവ്വ പ്രതാപവും മഹിമയും നശിപ്പിക്കപ്പെടും. ഈ ലോകത്തിന് അവസാനം വരുത്തുന്നത് ദൈവം ആണ്. ബുദ്ധിയുള്ള സ്ത്രീ പുരുഷന്മാർ ദൈവഭക്തിയോടെ ജീവിക്കും. പത്രൊസ് പറഞ്ഞു, "ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ, നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം" (3:11).

*ഉപസംഹാരം.* പത്രൊസിന്റെ മുന്നറിയിപ്പുകൾ ഉറപ്പുള്ളതും, അതേസമയത്ത് പ്രത്യാശയുള്ളതുമാണ്. ഈ ലോകത്തിന് അന്ത്യം വരുത്തിയ ശേഷം ദൈവം പുതിയ ആകാശവും പുതിയ ഭൂമിയും നിർമ്മിക്കും, അതിൽ നീതി വസിക്കും (2 പത്രൊ. 3:13). പുതിയ ലോകം എങ്ങനെയിരിക്കുമെന്ന് പത്രൊസോ, പുതിയനിയമ എഴുത്തുകാരിൽ ആരെങ്കിലുമോ ഒരു ഊഹവും നടത്തി

യിട്ടില്ല. ദൈവം തന്റെ ജനത്തിന് വേണ്ടത് നൽകുമെന്ന് നാം വിശ്വസിക്കുന്നു.

**"വാഗ്ദത്തം എവിടെ?" (3:4)**

ക്രിസ്തീയ വിശ്വാസം ആരംഭിച്ച നാൾ മുതൽ, വിശ്വാസികളെ വേട്ടയാടിക്കൊണ്ടിരിക്കുന്ന വിഷയമാണ് കർത്താവിന്റെ മടങ്ങി വരവ്. "നിങ്ങൾ എന്തുകൊണ്ട് അതു വിട്ടുകളയുന്നില്ല?" എന്നാണ് അവർ പറയുന്നത്. നൂറ്റാണ്ടുകളോളം ക്രിസ്ത്യാനികൾ അവരുടെ പ്രത്യാശ സജീവമാക്കി വെച്ചിരിക്കുന്നു. സ്പഷ്ടമായും, രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് എഴുതപ്പെട്ട ഒരു പ്രസംഗം നിലനിൽക്കുന്നു. അത് ആരാണ് എഴുതിയതെന്ന് അറിയില്ലെങ്കിലും, അതിന്റെ തലവാചകം ഇതാണ്, "2 ക്ലെമന്റ്." അത് നല്ല ഒരു പുസ്തകമാണ്, മറ്റു പല വിഷയങ്ങളോടൊപ്പം കർത്താവിന്റെ മടങ്ങിവരവിനെ കുറിച്ചും അതിൽ പ്രതിപാദിക്കുന്നു. അതിൽ പറയുന്നത്,

> ഇരു മനസുള്ളവരും ഉള്ളിൽ സംശയം വെച്ചുകൊണ്ടിരിക്കുന്നവരും കുഴപ്പമുള്ളവരാണ്. ഇവയെല്ലാം, വളരെ കാലം മുൻപ്, നമ്മുടെ പിതാക്കന്മാരുടെ കാലത്ത് കേട്ടതാണ്, നാം ഓരോ ദിവസവും കാത്തിരിക്കുകയാണ്, അവരിൽ ആരും അത് കണ്ടില്ല. വിഡ്ഢികളായ മനുഷ്യരേ! നിങ്ങൾ ഒരു വൃക്ഷത്തെ താരതമ്മ്യം ചെയ്യുക; ഒരു മുന്തിരിച്ചെടിയെ എടുക്കുക; ആദ്യം അതിൽ ഇല ഉണ്ടാകുന്നു, പിന്നെയാണ് മൊട്ട് ഉണ്ടാകുന്നത്, പിന്നെ ചെറിയ മുന്തിരിങ്ങ ഉണ്ടാകുന്നു, പിന്നീട് ഒരു മുന്തിരിക്കുലയായി രൂപപ്പെടുന്നു. അതുപോലെ, എന്റെ ആളുകൾക്ക് ബഹളവും കഷ്ടതയുമെല്ലാം വരുകയും പിന്നീട് നന്മകൾ ലഭിക്കുകയും ചെയ്യുന്നു. അതുകൊണ്ട് എന്റെ സഹോദരന്മാരേ, നമുക്ക് ഇരു-മനസില്ലാതെ, പ്രത്യാശയിൽ ക്ഷമയുള്ളവരായി, പ്രതിഫലത്തിനായി കാത്തിരിക്കാം.[13]

പത്രൊസിന്റെ കാലത്ത് ആയാലും, അല്ലെങ്കിൽ ക്ലെമന്റിന്റെ കാലത്ത് ആയാലും, സംശയിക്കുവാനുള്ള പരീക്ഷണവും അല്ലെങ്കിൽ കർത്താവിന്റെ മടങ്ങി വരവ് തള്ളിക്കളയുവാനുള്ള പ്രവണതയും നിലനിന്നിരുന്നു. എങ്കിലും, കർത്താവിന്റെ മടങ്ങിവരുമെന്നുള്ള വാഗ്ദത്തവും അന്നു സംഭവിക്കുവാനുള്ള വാഗ്ദാനങ്ങളും നിറവേറുമെന്നതാണ് ക്രിസ്തീയ സന്ദേശത്തിലെ കേന്ദ്രബിന്ദു. അവൻ ഒരിക്കൽ നസറേത്തുകാരനായ ദാസനായിട്ടാണ് വന്നത്; അവൻ വരുന്നത് രാജാധിരാജാവും കർത്താധികർത്താവുമായിട്ടാണ്. അത് അങ്ങനെ തന്നെ ആയിരിക്കട്ടെ. ആമേൻ.

**ജീവിതത്തെ വീക്ഷണമുള്ളതാക്കുക (3:8–10)**

ദൈവത്തിന്റെ ദീർഘക്ഷമയുള്ള വഴികളെ പത്രൊസ് തന്റെ വായനക്കാരെ ഓർപ്പിച്ചപ്പോൾ, എല്ലാവരും മാനസാന്തരപ്പെടുവാനാണ് അവൻ ഇച്ഛിക്കുന്നതെന്നു പറഞ്ഞപ്പോൾ, അവൻ ജീവിതത്തിന്റെ അനിശ്ചിതാവസ്ഥയെയും മരണത്തിന്റെ തീർച്ചയെയുമാണ് ഓർപ്പിച്ചത്. മനുഷ്യരെ രക്ഷിപ്പാനും, നിത്യജീവൻ നൽകുവാനുമാണ് യേശുക്രിസ്തുവിൽ ദൈവം വന്നത്. പൗലൊസിന്റെ ആനുകാലികനായിരുന്ന സെനേഖാ ഒരു നല്ല പൗരനും സ്റ്റോയിക് തത്വചിന്തകനുമായിരുന്നു. അയാൾ റോമിലായിരുന്നു താമസിച്ചിരുന്നത്. നമുക്ക് അറിയാവുന്നേടത്തോളം, ക്രിസ്തീയ സന്ദേശവുമായി അയാൾക്ക്

വലിയ അടുപ്പം ഇല്ലായിരുന്നു. അന്യദേവന്മാരെ നമസ്ക്കരിക്കുന്ന വീക്ഷണം അനുസരിച്ച്, സെനേഖയുടെ ജീവിതത്തിന് അർത്ഥമില്ലാതിരുന്നപ്പോൾ അനുഭവിച്ച കഷ്ടതകളുടെ വിരോധാഭാസത്തെ എടുത്തു കാണിക്കുന്നു.

> നാളെ എന്നത് തന്റേതല്ലാതിരിക്കെ, ജീവിതത്തെ ക്രമപ്പെടുത്തുന്നത് എത്ര ബുദ്ധിശൂന്യതയാണ്! ദൂര-വ്യാപകമായ പ്രത്യാശയെ കുറിച്ച് ആലോചിക്കുന്നത് എന്തു ഭ്രാന്താണ്. അയാൾ പറയുന്നു, "ഞാൻ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു, പണം ആവശ്യമുള്ളുപ്പോൾ ലോൺ എടുക്കുന്നു, അംഗീകാരം നേടുന്നു, പിന്നെ, വർഷങ്ങളോളം ഞാൻ പഴയ രീതിയിൽ ആശ്വാസത്തോടെ ജീവിക്കുന്നു." സമ്പന്നരായവർക്ക് പോലും, എല്ലാം സംശയാസ്പദം എന്നു ഞാൻ പറയുമ്പോൾ, എന്നെ വിശ്വസിക്കുക. ഭാവിയിലേക്ക് എന്തെങ്കിലും രൂപപ്പെടുത്തുവാൻ ആർക്കും കഴിയുകയില്ല ... നാം ദീർഘയാത്രക്ക് പദ്ധതി ഒരുക്കുകയും, വിദേശ-കടൽതീരത്തെല്ലാം പോയി വീട്ടിലേക്ക്-വരുന്നത് നീട്ടി വെക്കുകയും ചെയ്യുന്നു ... അതിനിടയിൽ മരണം നമ്മുടെ വശത്തേക്കു വരുന്നു.[14]

സെനേഖയുടെ വാക്കുകളിൽ പ്രത്യാശയില്ലായ്മ കാണാം. അത് വായിക്കുന്ന ആൾക്ക് സഹതാപമേ തോന്നുകയുള്ളു. പത്രൊസിനും, അവന്റെ വാക്കുകളിൽ വിശ്വസിക്കുന്നവർക്കും കർത്താവിൽ ആശ്രയിക്കുന്നവർക്കും, മരണമല്ല നമ്മുടെ വശത്തുള്ളത് ജീവിതമാണ്. നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ട്.

**രണ്ടാം വരവും ധാർമ്മികതയും (3:11–13)**

ക്രിസ്ത്യാനികൾക്ക് ദൈവത്തെ അനുസരിച്ച് യേശുക്രിസ്തുവിനെ സേവിക്കുന്നതാണ് ഉചിതമായത്, കാരണം അതാണ് ശരി. ദൈവം സൃഷ്ടികർത്താവാണ്. നസറേത്തുകാരനായ യേശുവിൽ കൂടെ ദൈവം തന്റെ സ്നേഹം പ്രകടമാക്കി. അവന്റെ കർത്തൃത്വം നോക്കിയാൽ അവനെ അനുസരിക്കുകയല്ലാതെ നിവൃത്തിയില്ല. അങ്ങനെയാകുമ്പോൾ ന്യായവിധിയെ കുറിച്ചോ നിത്യതയെ കുറിച്ചോ ഓർപ്പിക്കേണ്ട കാര്യം തന്നെയില്ല.

ജഡത്തിന് ശക്തമായ ആഗ്രഹങ്ങൾ ഉള്ളതുകൊണ്ട് കാരറ്റും വടിയും ഉപയോഗിച്ച് ദൈവം ഭക്തിയോടെ ജീവിക്കുവാൻ അല്ല ആവശ്യപ്പെട്ടിരിക്കുന്നത്. ഒരുവശത്ത്, ദൈവം സ്നേഹമാണ്. അവൻ സ്നേഹമുള്ള പിതാവായതുകൊണ്ടാണ് ക്രിസ്ത്യാനികൾ അവനെ അനുസരിക്കുന്നത്. മറുവശത്ത് ദൈവം ദഹിപ്പിക്കുന്ന അഗ്നിയുമാണ്. അവൻ ന്യായാധിപൻ ആണ്. അജാനുബാഹുവായി ആകാശത്തിൽ ഒരു ഗദയുമായി പ്രത്യക്ഷപ്പെട്ട് പാപികളെ പിടിക്കുന്നതല്ല ദൈവത്തിന്റെ ചിത്രം. അത്തരം ആശയത്തിൽനിന്നു തിരിക്കുന്നതാണ് യോഹന്നാന്റെ പ്രസ്താവന, "തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു" (1 യോഹ. 4:18). അപ്പോഴും, ക്രിസ്ത്യാനികളെ പ്രചോദിപ്പിക്കുന്ന ഭയത്തെ തള്ളിക്കളയുവാനും സാധ്യമല്ല. പാപത്തിന്റെ പ്രലോഭനങ്ങളെ നിർത്തുകയും ചെയ്യുന്ന ഓരോ പ്രവൃത്തികൾക്കും നാം ദൈവത്തോട് കണക്കു കൊടുക്കേണ്ടവരാണ് എന്നു ഓർമ്മിക്കയും വേണം. പഴയ നിയമകാലത്തെയും പുതിയ നിയമകാലത്തെയും വിശുദ്ധർ ദൈവം ന്യായാധിപനാ

ണെന്ന് വിശ്വാസികളെ ഓർപ്പിക്കുവാൻ മടിക്കുകയില്ല. ആ പാരമ്പര്യപ്രകാര മാണ് പത്രൊസ് കർത്താവിന്റെ വരവും ന്യായവിധിയും ഓർപ്പിച്ചത്. ക്രിസ്തു ന്യായാധിപനായി വരുമെന്നുള്ളതിനാലാണ്, വിശ്വാസികൾ വിശുദ്ധ ജീവിതം നയിക്കുവാൻ പത്രൊസ് ക്രിസ്ത്യാനികളെ ഓർപ്പിച്ചത്.

---

കുറിപ്പുകൾ

[1]ഡൊണാൾഡ് ഗത്രി, ന്യൂ ടെസ്റ്റമെന്റ് തിയോളജി (ഡൗണേഴ്സ് ഗ്രോവ്,.: Ill,. ഇന്റർ വാഴ്സിറ്റി പ്രസ്, 1981), 978. [2]അപ്പൊസ്തലന്മാരെ "പന്തിരുവർ" എന്നു വിളി ച്ചത് ഒരിക്കൽ പ്രവൃത്തികൾ (6:2) ലും, ഒരിക്കൽ പൗലൊസും അങ്ങനെ വിളിച്ചു (1 കൊ. 15:5). പൗലൊസ് "പന്തിരുവരിൽ" ഉൾപ്പെട്ടവനായിരുന്നില്ല എങ്കിലും, അപ്പൊ സ്തലന്റെ പൂർണ്ണാധികാരവും, ദൗത്യ നിർവ്വഹണവും അവനിൽ ഉണ്ടായിരുന്നു (ഗലാ. 1:1). [3]മൈക്കിൾ ഗ്രീൻ, *ദ സെക്കന്റ് എപ്പിസ്റ്റൽ ജെനറൽ ഓഫ് പീറ്റർ ആന്റ് ദ ജെനെറൽ എപ്പിസ്റ്റിൽ ഓഫ് ജൂഡ്*, റെവ. എഡി., ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ്, വാല്യം. 18 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 138. [4]നോക്കുക എവററ്റ് ഫെർഗൂസൻ, *ബാക്ഗ്രൗണ്ട്സ്ഓഫ് എർലി ക്രിസ്ത്യാനിറ്റി,* 2ഡ് എഡി. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1993), 232. [5]ജോൺ ആർ. ക്ലെമന്റ്സ്, "മങ്ങാത്ത ദിവസമുള്ള ദേശം," *സോങ്സ് ഓഫ് ദ ചർച്ച്*, കോംബ്. ആന്റ് എഡി. ആൾട്ടൻ എച്ച് ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1977). [6]ഐറേനിയസ് *എഗെൻസ്റ്റ് ഹെരെസീസ്* 5.28.3. [7]റിച്ചേർഡ് ജെ. ബക്കാം, ജൂഡ്, 2 പീറ്റർ, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 50 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 312. [8]ചാൾസ് എച്ച്. എച്ച്. സ്കോബി, *ദ വോയ്സ് ഓഫ് അവർ ഗോഡ്*: *ആൻ അപ്റോച്ച് ടു ബിബിളിക്കൽ തിയോളജി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 2003), 741. [9]റോബർട്ട് ഡേവിഡ്സൺ, "സം ആസ്പെക്ട്സ് ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ് കോൺട്രിബൂഷൻ ടു ദ പാറ്റേൺ ക്രിസ്ത്യൻ എത്തിക്സ്" *സ്കോട്ടിഷ് ജേർണൽ ഓഫ് തിയോളജി* 12 (ഡിസംബർ 1959), 376. [10]ഇവിടെ, 2 പത്രൊസ് 3:14-ൽ, അപ്പൊസ്തലൻ ഉപയോഗിച്ച വാക്ക് (*അമോമെറ്റോസ്*, "കുറ്റമില്ലാത്ത," അല്ലെങ്കിൽ "ഊനമില്ലാത്ത" എന്നാണ് അർത്ഥം), *ആമോമോസ്* എന്നതിനു പകരം, അവൻ 1 പത്രൊസ് 1:19-ൽ ഉപയോഗിച്ചതുപോലെ, "ഊനമില്ലാത്ത കുഞ്ഞാട്" എന്നാണ് അവിടെ പറഞ്ഞിരിക്കുന്നത്. ഒരേകാര്യം അടുപ്പമുള്ള വാക്കുകളാലാണ് വ്യക്തമാക്കിയത്.

[11]*ഷെഫേഡ് ഓഫ് ഹെർമാസ്: സിമിലിറ്റൂട്സ്* 9.14.4. [12]ജെസ്സി ബ്രൗൺ പൗണ്ട്സ്, "വി ആർ ഗോയിങ് ഡൗൺ ദ വാലി," *സോങ്സ് ഓഫ് ദ ചർച്ച്*, കോംപ്. ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1977). [13]2 *ക്ലെമന്റ്* 11.2-5. [14]സെനേകാ *എപിസ്റ്റിൽസ്* 101.